ANUAL SUBSCRIPTION RS. 60/- ONLY
RS. 5/- PER COPY

# യാക്കോബ്യൻ

2009, AUGUST

YAKKOOBYAN MONTHLY



## 81–ാം ജന്മദിനാശംസകൾ

# വാർത്തകൾ

## പി.ജെ. ജേക്കബ് കോറെപ്പിസ്കോപ്പ 23 നു സഹായ മെത്രാനാകും



കൊച്ചി: യാക്കോബായ സുറിയാനി സഭയുടെ ഹൊനാവർ മിഷൻ സഹായമെത്രാപ്പൊലീത്തയായി പി.ജെ. ജേക്കബ് കോറെപ്പിസ്കോപ്പ അടുത്തമാസം 23 നു അഭിഷിക്തനാവും.

സഹായ മെത്രാപ്പൊലീത്തയെ നിയമിച്ചുകൊണ്ടുള്ള പരിശുദ്ധ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ബാവായുടെ ഉത്തരവു സഭാകേന്ദ്രമായ പുത്തൻകുരിശ് പാത്രിയർക്കാ സെന്ററിൽ ലഭിച്ചു. ഡമാസ്കസിലെ പാത്രിയർക്കാ അരമനയിലായിരിക്കും സ്ഥാനാരോഹണം. ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവാ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ജോസഫ് മാർ ഗ്രിഗോറിയോസ്, മറ്റു മെത്രാപ്പൊലിത്തമാർ എന്നിവർ സ്ഥാനാരോഹണച്ചടങ്ങിൽ പങ്കെടുക്കും. 2007 ഡിസംബറിൽ കൂടിയ ഹൊനാവർ മിഷൻ ജനറൽ ബോഡി മെത്രാപ്പൊലീത്ത സ്ഥാനത്തേക്കു പി.ജെ. ജേക്കബ് കോറെപ്പിസ്കോപ്പയുടെ പേരു നിർദ്ദേശിച്ചിരുന്നു. കർണാടകയിലെ ഹൊനാവറായിരിക്കും പുതിയ മെത്രാപ്പൊലീത്തയുടെ ആസ്ഥാനം. പിറവത്തിനു സമീപം കളമ്പൂരിൽ പ്ലാന്തോട്ടത്തിൽ കെ.സി. ജോൺ, ഏലിയാമ്മ ദമ്പതികളുടെ മകനായി 1952 ജൂലൈ 12 നാണു ജനനം. 58 ൽ കുടുംബം ഉഡുപ്പി കുന്താപുരത്തെ കുള്ളങ്കി ഗ്രാമത്തിലേക്കു കുടിയേറി. മൈസൂർ യൂണിവേഴ്സിറ്റിയിൽ നിന്നു സോഷ്യോളജിയിൽ ബിരുദാനന്തര ബിരുദം നേടിയ ഫാ. ജേക്കബ് മലേക്കുരിശു ദയറായിൽ വൈദിക പഠനം പൂർത്തിയാക്കി. കർണാടകയിലെ വിവിധ ഇടവകകളിൽ വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ അത്തിയാടി പള്ളി വികാരിയാണ്. ഹൊനാവർ മിഷൻ മാനേജരായി സേവനമനുഷ്ഠിക്കുന്ന കോറെപ്പിസ്കോപ്പ ഏഴോളം സ്ഥാപനങ്ങളുടെ മാനേജർ, ഡയറക്ടർ സ്ഥാനങ്ങളും വഹിക്കുന്നു.

## മോർ ഗ്രീഗോറിയോസ് ജാക്കോബൈറ്റ് സ്റ്റുഡൻസ് മൂവുമെന്റ്



ഡീ. ബോബി ജെ. ജോൺ (ജന. സെക്രട്ടറി) | പ്രകാശ് റെജി (ജോ. സെക്രട്ടറി) | അരുൺ ജോർജ്ജ് (ജോ. സെക്രട്ടറി) | ജീജോ തോമസ് (ട്രഷറാർ)



പ. എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനപ്രകാരം മോർ ഗ്രിഗോറിയോസ് യാക്കോബായ വിദ്യാർത്ഥി പ്രസ്ഥാനം പുനരുജീവിപ്പിച്ചു. സെമിനാരി റസിഡന്റ് മെത്രാപ്പോലീത്താ **ഡോ. കുറിയാക്കോസ് മോർ തെയോഫിലോ**സിനെ പുതിയ പ്രസിഡന്റായി നിയോഗിച്ചു. 1932 ൽ ആലുവായിലെ പ. പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനി പ. ചാത്തുരുത്തിൽ മോർ ഗ്രിഗോറിയോസ് തിരുമേനിയുടെ നാമധേയത്തിൽ ആരംഭിച്ചതാണ് വിദ്യാർത്ഥി പ്രസ്ഥാനം. കഴിഞ്ഞ ചില വർഷങ്ങളായി സ്വസ്മി, ജാസ്മി എന്നീ പേരുകളിലായിരുന്നു വിദ്യാർത്ഥി പ്രസ്ഥാനം അറിയപ്പെട്ടിരുന്നത്. കഴിഞ്ഞ ജൂൺ 14 ന് വെട്ടിക്കൽ സെമിനാരിയിൽ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പ്രഥമ യോഗം പ്രസിഡന്റ് ഡോ. കുറിയാക്കോസ് മോർ തെയൊഫിലോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്നു.

വിദ്യാർത്ഥികളിൽ ആത്മീയ ഉണർവ് വളർത്തുക, ക്രിസ്തീയ പാരമ്പര്യ വിശ്വാസങ്ങളും മൂല്യങ്ങളും അവർക്ക് പകർന്നു നല്കുക അതുവഴി ആധുനിക കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടാൻ അവരെ പ്രാപ്തരാക്കുക എന്നതാണ് ഈ പ്രസ്ഥാനത്തിന്റെ മഹത്തായ ലക്ഷ്യമെന്ന് മോർ തെയോഫിലോസ് മെത്രാപ്പോലീത്ത അറിയിച്ചു. മദ്യം മയക്കുമരുന്ന് എന്നീ സാമൂഹ്യ തിന്മകൾക്കെതിരെ വിദ്യാർഥികളെ ബോധവൽക്കരിക്കാൻ സെമിനാറുകളും ക്ലാസ്സുകളും സംഘടിപ്പിക്കുമെന്നും അദ്ദേഹം അറിയിച്ചു.

വിദ്യാർത്ഥി പ്രസ്ഥാനം പുതിയ ഭരവാഹികളായി ഡോ. കുര്യാക്കോസ് മോർ തെയോഫിലോസ് മെത്രാപ്പോലീത്ത (പ്രസിഡന്റ്), ഡീക്കൻ ബോബി ജോൺ (ജനറൽ സെക്രട്ടറി), പ്രകാശ് റെജി (ജോയിന്റ് സെക്രട്ടറി, ചീഫ് കോർഡിനേറ്റർ തൃശ്ശൂർ, മലബാർ, കോഴിക്കോട് മേഖല) അരുൺ ജോർജ്ജ് (ജോയിന്റെ സെക്രട്ടറി), ജിജോ തോമസ് (ട്രഷറർ), ഡീക്കൻ തോമസ് പുത്തിക്കോട്ട് (ചീഫ് കോർഡിനേറ്റർ-നിരണം, തുമ്പമൺ മേഖല), സെൻട്രൽ കമ്മിറ്റി മെമ്പർമാരായി ഡീക്കൻ എൽദോ രാജ്, ഡീക്കൻ ഷിബു പോൾ, ജറിൻ മാത്യു എന്നിവരെ തിരഞ്ഞെടുത്തു.

## സഹദാപെരുന്നാൾ തിരുവല്ല സിംഹാസനപ്പള്ളിയിൽ

വി. ഗീവറുഗീസ് സഹദായുടെ ഓർമ്മപെരുന്നാൾ തിരുവല്ല സെന്റ് ജോർജ്ജ് സിംഹാസനപ്പള്ളിയിൽ മഴുവങ്ങാട് സെന്റ് മേരീസ് പള്ളിയുടേയും കുളക്കാട് സൺഡേസ്കൂളിന്റേയും സഹകരണത്തിൽ ഭക്തിനിർഭരമായി കൊണ്ടാടി. വി. ഗീവറൂഗീസ് സഹദാ, മാർ കൗമാ സഹദാ, മോർ കുറിയാക്കോസ് സഹദാ, പ. ഏലിയാസ് തൃതിയൻ ബാവ, പ. പരുമല തിരുമേനി എന്നിവരുടെ തിരുശേഷിപ്പ് ഈ പള്ളിയിൽ സ്ഥാപിച്ചിട്ടുണ്ട്. നഗരംചുറ്റി റാസ, വി. മൂന്നിന്മേൽ കുർബാന ഇവയോടെ പെരുന്നാൾ സമാപിച്ചു.

## എഡിറ്റോറിയൽ

# ശ്രേഷ്ഠാചാര്യന് 81

മലങ്കരയുടെ പ്രധാനാചര്യൻ ശ്രേഷ്ഠ കാതോലിക്കാ മോർ ബസ്സേലിയോസ് തോമസ് പ്രഥമന് ഇത് 81–ാം ജന്മദിനം. 1974 ൽ നാഥനില്ലാത്ത മലങ്കരസഭയെ നയിക്കാൻ ദൈവം തെരഞ്ഞെടുത്ത് അന്ത്യോഖ്യാ സിംഹാസനത്തിന്റെ ഗർഭപാത്രത്തിൽനിന്ന് ജന്മമെടുത്ത ഇരട്ട പുത്രന്മാരിൽ ഒരുവനാണ് ചെറുവള്ളിൽ സി.എം. തോമസ് എന്ന തോമസ് മാർ ദീവന്നാസ്യോസ്. കൂടെ പിറന്നവൻ പറപ്പള്ളിൽ പി.എം. ഗീവറുഗൂസ്, വഴിയിൽ മെത്രാന്മാരെന്നും പുറമ്പോക്കു മെത്രാന്മാരെന്നും വിളിച്ചാക്ഷേപിച്ച എതിരാളികൾക്ക് ഇരുവരും പേടിസ്വപ്നങ്ങളായി മാറി. അവർ ചെല്ലുന്നിടത്തും പറയുന്നിടത്തും കാണാനും കേൾക്കാനും അനുസരിക്കാനും ജനലക്ഷങ്ങൾ തടിച്ചുകൂടികൊണ്ടിരുന്നു. “സകലവും ജനവും അവന്റെ പിന്നാലെ” എന്ന യഹൂദ പ്രമാണിമാരുടെ വാക്കുകൾ ഇവരിൽ അന്വർത്ഥമായി. കൊടിവെച്ച കാറുകളിൽ അവർ തലങ്ങും വിലങ്ങും ഓടി സഭയെ കാത്തു. ശത്രുക്കൾ നടുങ്ങി. കേരളത്തിലെ കോടതികളിൽ കേസിന്റെ കൂമ്പാരമുയർന്നു. ആരും നിരാശപ്പെട്ടില്ല. അരമനകിളില്ലാതെ മേശയൊരുങ്ങാതെ സഭയെ ഒന്നൊന്നായി വളർത്തി. അവർ സഭമൂലമുണ്ടായ വളർച്ചയിലും നേട്ടത്തിലും എതിരാളികൾ പോലും അസൂയപ്പെടും.

കോലഞ്ചേരി മലങ്കര മെഡിക്കൽ മിഷന്റെ ഓർഗനൈസറും ചാപ്ലെയിനും ആയിരിക്കവേ എല്ലാം ഉപേക്ഷിച്ചാണ് ഫാ. സി.എം. തോമസ് ഈ മുൾക്കിരീടം ഏറ്റെടുത്തത്. അങ്കമാലിയുടെയും തീബേലിന്റേയും മെത്രാപ്പോലീത്തായായിട്ട് 35 വർഷം കഴിഞ്ഞു. 160 ഓളം ഇടവകപ്പള്ളികളും അനേകം ചാപ്പലുകളും ആതുരാലയങ്ങളും, കന്യാസ്ത്രീ മഠങ്ങളും ധ്യാനകേന്ദ്രങ്ങളും സ്ഥാപിച്ച് ലോകത്തിലെ ഏറ്റവും വലിയ ഭദ്രാസനമാക്കി അങ്കമാലിയെ ഉയർത്തി. ദന്തൽ കോളേജു മുതൽ നഴ്സറിസ്കൂൾവരേയും സഭയിൽ സ്ഥാപിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.

ശ്രേഷ്ഠ ബസ്സേലിയോസ് പൗലോസ് ദ്വിതിയൻ കാതോലിക്കാ ബാവായുടെ കാലശേഷം പെരുമ്പള്ളി തിരുമേനി സഭയുടെ ചുമതല ഏറ്റെടുത്തെങ്കിലും രോഗാതുരനായി ഇഹലോകവാസം വെടിയുകയും സഭയുടെ ചുമതല 10 വർഷം മുമ്പ് തന്നിൽ നിക്ഷിപ്തമാകുകയും ചെയ്തു. രണ്ടുവർഷം പിന്നിട്ടപ്പോൾ പ. പാത്രിയർക്കീസ് ബാവ അദ്ദേഹത്തെ കാതോലിക്കാസ്ഥാനത്തേക്കുയർത്തി അനുഗ്രഹിച്ചു. ആടിയുലഞ്ഞ സഭാനൗകയെ നയിക്കാനും നേർവഴിയിൽ നടത്താനും ദൈവം ശക്തിനല്കി. ഇതിനോടകം നാനൂറിൽപരം കേസുകളിലെ പ്രതിയായി. തളരാതെ ശക്തിയോടെ സഭയെ നയിച്ചു. ആത്മീയമായും ഭൗതീകമായും സഭ വളർന്നു. വൈദീകസിമ്മിനാരി സുവിശേഷ പ്രസ്ഥാനം ധ്യാനകേന്ദ്രങ്ങൾ എന്നിവയും സ്വദേശത്തും വിദേശത്തും അനേകം പുതിയ ഇടവകകളും ഉണ്ടായി. സർവ്വോപരി സഭാജനത്തെ ഒറ്റക്കെട്ടായി നയിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. സുറിയാനി പണ്ഡിതനായ ആർത്തുങ്കൽ കോരുത് മല്പാന്റെ ശിഷ്യനായി വൈദീക വിദ്യാഭ്യാസം നേടിയ ബാവ തിരുമേനി സുവിശേഷ പ്രസംഗകനായാണ് ആത്മീയ ജീവിതം ആരംഭിച്ചത്. പ്രതിസന്ധികളിൽ പതാറാതെ ദൈവത്തോട് ആലോചന ചോദിച്ച് സഭയെ പ്രാർത്ഥനയിലും ഉപവാസത്തിലും ശക്തീകരിച്ച് നടത്തി. ശ്രേഷ്ഠ ബാവ പോകാത്ത സ്ഥലം ഇനി ആർട്ടിക്കാ, അന്റാർട്ടിക്കാ പ്രദേശങ്ങൾ മാത്രമാണ്. ഏറ്റവും കൂടുതൽ വിദേശയാത്ര നടത്തിയ കേരളീയന് അവാർഡ് നല്കിയാൽ അത് ശേഷ്ഠബാവക്ക് ലഭിക്കും. ദിവസവും ഇത്രമാത്രം കാർയാത്ര ചെയ്യുന്ന ഇത്രമാത്രം പരിപാടികളുള്ള, സഭാംഗങ്ങളെ അറിയുന്ന മറ്റൊരു വ്യക്തിയുണ്ടോ എന്ന് സംശയമാണ്. ഏറ്റവും കൂടുതൽ മെത്രാന്മാരെ സൃഷ്ടിക്കാനും അനേകരെ വാഴിക്കാനും അദ്ദേഹത്തിന് ഭാഗ്യം ലഭിച്ചു, ഏറ്റവും കൂടുതൽ വൈദീകർക്ക് പട്ടത്വം നല്കിയിട്ടുള്ള മെത്രാന്മാർ വേറെയില്ല. കേരളത്തിലെ ഏറ്റവും വലിയ അരമനകളിൽ ഒന്നാണ് പുത്തൻകുരിശിലെ ആസ്ഥാനമായ പാത്രിയർക്കാ സെന്റർ. കോതമംഗലത്തെ ഭദ്രാസനാസ്ഥാനമായ സീയോൻ സിമ്മിനാരിയും അദ്ദേഹത്തിന്റെ സൃഷ്ടിയാണ്.

രാഷ്ട്രീയ-സാമൂഹ്യ മണ്ഡലങ്ങളിലുള്ള സ്വാധീനവും സാമുദായീക രംഗത്തെ അദ്ദേഹത്തിന്റെ പ്രശസ്തിയും സഭക്ക് മുതൽകൂട്ടാണ്.

ശതാഭിഷിക്തനായി സഭയെ ഭരിപ്പാൻ ജനത്തെ നയിപ്പാൻ ദൈവവും ശക്തിയും ശേഷിയും ആയുസ്സും നല്കട്ടെ എന്ന് പ്രാർത്ഥിക്കാം. ഒരായിരം ജന്മദിനാശംസകൾ.

**എഡിറ്റർ അലക്സാണ്ടർ**
**കാരയ്ക്കാട്**




*ചോദ്യം: സഭാവിശ്വാസത്തിനെതിരായ പഠിപ്പിക്കലുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതിനെക്കുറിച്ച് എന്തു പറയുന്നു?*

ഉത്തരം: എന്നാൽ കള്ളപ്രവാചകന്മാരും ജനത്തിന്റെ ഇടയിൽ ഉണ്ടായിരുന്നു. നിങ്ങളുടെ ഇടയിലും ദുരുപദേഷ്ടാക്കൾ ഉണ്ടാകും. അവർ നാശകരമായ മതഭേദങ്ങളെ നുഴയിച്ച് തങ്ങളെ വിലക്ക് വാങ്ങിയ നാഥനെ തള്ളിപ്പറഞ്ഞ് തങ്ങൾക്ക് തന്നെ നാശം വരുത്തും. അവരുടെ ദുഷ്കാമപ്രവർത്തികളെ പലരും അനുകരിക്കും. അവർ ദ്രവ്യാഗ്രത്തിൽ കൗശലവാക്ക് പറഞ്ഞ് നിങ്ങളെ വാണിഭം ആക്കും. അവർക്ക് ന്യായവിധി താമസിയാതെ വരുന്നു. നാശം ഉറങ്ങുന്നതുമല്ല.

# അനുസരണത്തിലാണ് അനുഗ്രഹം

ഫാ. ഡാർളി എടപ്പങ്ങാട്ടിൽ

"മത്സരം ആഭിചാരദോഷംപോലെയും ശാഠ്യം മിഥ്യാപൂജയും വിഗ്രാഹാരധനയും പോലെയും ആകുന്നു" (1 ശമുവേൽ 15:1–33).

വിശുദ്ധന്മാർ മാന്യതയുള്ളവരായിരിക്കും. എന്നാൽ എല്ലാ 'മാന്യന്മാരും' വിശുദ്ധന്മാരായിരിക്കയില്ല. എന്തോ ഇക്കാലത്ത് വിശുദ്ധരാകുന്നതിനേക്കാൾ മാന്യരാകാനാണ് ആളുകൾക്ക് താത്പര്യം! മാന്യത ജനങ്ങളുടെ മുമ്പിൽ ഉണ്ടാകുന്നതാണ്. ജനങ്ങളെ സ്വാധീനിച്ചാൽ അതു ഉണ്ടാക്കിയെടുക്കുവാനുള്ളതേയുള്ളു. എന്നാൽ വിശുദ്ധി ദൈവമുമ്പിലാണു മാറ്റുരച്ചുനോക്കപ്പെടുന്നത്. മാന്യതയുടെ മൂടുപടമിട്ട് മനുഷ്യരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടാൽ അകത്തുള്ളതു എന്തെന്നറിയാതെ ജനം ഒരാൾക്കു മാന്യത കല്പിച്ചേക്കാം. എന്നാൽ, ദൈവത്തെ അങ്ങനെ കബളിപ്പിക്കാൻ കഴിയില്ലാത്തതിനാൽ ഒരു മൂടുപടം കൊണ്ടും ആർക്കും വിശുദ്ധനാകാൻ കഴിയില്ല.

മാന്യത ഈ ഭൂമിയിൽ ലഭിക്കുന്നതാണ്. വിശുദ്ധി നിത്യതയോളം നിലനില്ക്കുന്നതാണ്. അതിനാൽ നിത്യതയുടെ ദർശനത്തിൽ ജീവിക്കുന്നവൻ മാന്യതയെക്കാൾ വിലമതിക്കുന്നതു വിശുദ്ധിയെയായിരിക്കും.

ശൗൽ രാജാവ് മാന്യതയ്ക്കുമാത്രം വില കല്പിച്ചിരുന്ന ഒരു വ്യക്തിയായിരുന്നു. തുടക്കത്തിൽ വലിയ താഴ്മയൊക്കെ കാണിച്ച വ്യക്തിയായിരുന്നെങ്കിലും (1 ശമുവേൽ 9:21) രാജാവായി കഴിഞ്ഞപ്പോൾ ആളിന്റെ മട്ടൊക്കെ മാറി... അധികാരം എത്ര നല്ലവരെയും വല്ലാതെ ഉലച്ചുകളയുമെന്നതു ചരിത്രയാഥാർഥ്യമാണ്. ജനസമ്മിതി മാത്രമായിരുന്നു ശൗലിനു പ്രധാനം. ആന്തരിക വിശുദ്ധി, അനുസരണം ഇതൊക്കെ നഷ്ടപ്പെട്ടപ്പോഴും ജനങ്ങളുടെ മുമ്പിലെ മാന്യതമാത്രമായിരുന്നു ശൗലിനു പ്രധാനം.

ആന്തരികവിശുദ്ധി നഷ്ടപ്പെട്ടതിൽ തെല്ലും മനസ്താപമില്ലാതെ ജനങ്ങളുടെ മുമ്പിൽ മാന്യൻ കളിക്കുന്ന ശൗൽ ചരിത്രത്തിലെ ഒരു ഒറ്റപ്പെട്ട കഥാപാത്രമല്ല. ഇന്നും, സമൂഹത്തിലും സഭയിലും സ്വന്തം പാപങ്ങളെപ്പറ്റി മനസ്താപമില്ലാത്ത മാന്യതയുടെ മൂടുപടമിട്ടു നടക്കുന്ന ധാരാളമാളുകളുണ്ട്. യേശു ഇങ്ങനെയുള്ളവരെ വിളിക്കുന്നത് "വെള്ള തേച്ച ശവകല്ലറ" എന്നാണ്. അകത്തു അഴുകിയ ശവം കിടക്കുമ്പോഴും അതു പുറത്തറിയാതെ പുറം മിനുക്കി പെയിന്റടിച്ച് മാന്യരായി നടക്കുന്നവരോടു യേശു പറയുന്നത് "നിങ്ങൾക്ക് അയ്യോ കഷ്ടം!" (മത്തായി 23:27) എന്നാണ്.

രാജാവായപ്പോൾ മുതൽ ശൗൽ സ്വയം പ്രശംസ്ക്കായി എന്തെല്ലാം ചെയ്യാമോ അതെല്ലാം ചെയ്യുന്നതായിട്ടാണ് നാം കാണുന്നത്. രാജാവാകാൻ വിളിച്ചപ്പോൾ സാമാനങ്ങളുടെയിടയിൽ പോയി ഒളിച്ചിരുന്ന ശൗൽ (1 ശമുവേൽ 10:22) ഫെലിസ്ത്യരുടെ നേരെ നേടിയ ഒരു ചെറിയ വിജയത്തെ ഒരു ആഘോഷമാക്കുന്നതാണു നാം കാണുന്നത് (1 ശമുവേൽ 13:3). യഹോവയ്ക്കു മഹത്ത്വം കൊടുക്കുന്നതിനുപകരം അവൻ ദേശത്തെല്ലാം കാഹളമൂതിച്ച് വിജയപ്രഖ്യാപനം നടത്തി. അടുത്ത യുദ്ധത്തിൽ ജനങ്ങൾ അവനെ വിട്ട് ചിതറുന്നുവെന്നറിഞ്ഞപ്പോൾ ദൈവത്തെ പ്രസാദിപ്പിക്കാനായി നിർവഹിക്കേണ്ട യാഗം അവൻ മനുഷ്യരെ പ്രസാദിപ്പിക്കാനായി നിർവഹിച്ചു (1 ശമുവേൽ 13:8,9). നമ്മുടെ വായനഭാഗം (1 ശമുവേൽ 15:1–33) തുടങ്ങുന്നതുതന്നെ ശമുവേൽ ശൗലിനു നല്കുന്ന ഒരു മുന്നറിയിപ്പോടെയാണ്. "യഹോവ നിന്നെ തന്റെ ജനമായ യിസ്രായേലിനു രാജാവായി അഭിഷേകം ചെയ്യുവാൻ എന്നെ നിയോഗിച്ചുവല്ലോ... അതുകൊണ്ടു ഇപ്പോൾ യഹോവയുടെ വചനം കേട്ടുകൊൾക..." (15:1).

"ശൗലേ, നീ കഴിവുകൊണ്ടു രാജാവായതല്ല, യഹോവ നിന്നെ രാജാവാക്കിയതാണ്. അതിനാൽ യഹോവയുടെ കല്പന അനുസരിക്കാനുള്ള ഉത്തരവാദിത്വം നിനക്കുണ്ട്! നിനക്കു തോന്നുന്നതുപോലെ ഭരണം നടത്താനല്ല ദൈവം നിന്നെ രാജാവാക്കിയത്!" ഇതു ശൗലിനോടു മാത്രമല്ല, എല്ലാ ആത്മീയനേതാക്കളോടും അഭിഷിക്തരോടുമുള്ള ദൂതാണ്.

"യഹോവയുടെ വചനം കേട്ടുകൊൾക" എന്നു പറയുന്നത് "ശ്രദ്ധിക്കണം" എന്നാണ്. അതായത്, നേരത്തെ നിനക്കു അനുസരണത്തിൽ പാളിച്ചപറ്റിയിട്ടുണ്ട്. ഇനിയും അതുണ്ടാകരുത്. ദൈവത്തോടുള്ള നിന്റെ അനുസരണം തെളിയിക്കാൻ ദൈവം തരുന്ന ഒരു അവസരമാണിത്. നീ ഇതു നഷ്ടപ്പെടുത്തരുത്!

അമാല്യേക്ക്യരെ നശിപ്പിക്കാനാണ് ദൈവത്തിന്റെ നിർദേശം. അതുപൂർണമായി നിർവഹിക്കപ്പെടണം! ഒന്നും ബാക്കിവയ്ക്കാൻ പാടില്ല. ശൗൽ യഹോവയുടെ നിർദേശപ്രകാരമം യുദ്ധത്തിനു പുറപ്പെട്ടു. എന്നാൽ, യുദ്ധം ജയിച്ചുകഴിഞ്ഞപ്പോൾ അവൻ പിന്നീടുകാര്യങ്ങൾ തനിക്കിഷ്ടപ്പെട്ടതുപോലെ ചെയ്തു. സർവതും സംഹരിക്കാനുള്ള യഹോവയുടെ കല്പന അവൻ അഗണ്യമാക്കി. അമാലേക്യരാജാവ് ആഗാഗിനെ ജീവനോടെ സൂക്ഷിച്ചു. മേത്തരമായ ആടുമാടുകളെയും അവൻ "നിർമൂലമാക്കുവാൻ മനസ്സില്ലാതെ" (വാ. 9) ജീവനോടു സൂക്ഷിച്ചു. ഹീനവും നിസ്സാരവുമായതിനെയൊക്കെ നിർമൂലമാക്കിക്കളഞ്ഞു.

ഉത്തമമായതിനെയെല്ലാം സൂക്ഷിക്കുവാൻ അവർക്ക് പ്രേരകമായത് എന്തായിരിക്കണം? എന്തിന് അതിനെ വെറുതെ കളയണം. എന്ന ചിന്തയായിരിക്കണം അവരെ ഭരിച്ചത്. ദൈവം എന്തൊരു മണ്ടത്തരമാണീ പറയുന്നത്? നല്ല ഒന്നാന്തരം ആടുകളെയും കാളകളെയുമൊക്കെ വെറുതെ വെട്ടിനശിപ്പിക്ക

# പള്ളികളും സാമൂഹ്യ ജീവിതവും

ഡോ. കെ.വി. വർഗീസ്

മാർത്തോമ്മാ ശ്ലീഹാ ദക്ഷിണേന്ത്യയിൽ ഉണ്ടായിരുന്ന ഇരുപതുവർഷങ്ങൾക്കുള്ളിൽ ഏഴു പള്ളികൾ സ്ഥാപിച്ചു എന്നാണ് പരമ്പരാഗത വിശ്വാസം. ഇവയിൽ കൊല്ലവും കൊടുങ്ങല്ലൂരും (മാല്ല്യങ്കര) പള്ളി ഉണ്ടായിരുന്നു എന്നു പറയുന്ന സ്ഥലം കടലെടുത്തു നഷ്ടമായി. കോക്കമംഗല (പള്ളിപ്പുറം)ത്തെപ്പറ്റിയുള്ള അവ്യക്തത നിലനിൽക്കുന്നു. നിലയ്ക്കലിൽ (ചായൽ) ഉണ്ടായിരുന്ന പള്ളിയുടെ അടിത്തറ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തെ മൂന്നു ദശകങ്ങൾവരെ അവിടെ നിലനിന്നിരുന്നുവെന്ന് അവിടം സന്ദർശിച്ചിട്ടുള്ളവരുടെ കുറിപ്പുകൾ വ്യക്തമാക്കുന്നു. ബർനാദ് തോമ്മാകത്തനാരുടെ മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്ന ഗ്രന്ഥത്തിൽ "പള്ളിയുടെ ചില ജീർണ്ണാവശിഷ്ടങ്ങൾ ആദ്യാപി അവിടെ കാണപ്പെടുന്നുണ്ട്. അവിടെ ഒരു ചെറിയ പള്ളിയുടെ തറയും അതിനു സമീപിച്ച് അനേകം പുരത്തറകളും ഉള്ളതുകൂടാതെ വീണുകിടക്കുന്ന ഒരു കുരിശും കാണാവുന്നതാണ്" എന്നു പറയുന്നു. പ്രസ്തുത പള്ളിയുടെ അടുത്തുള്ളതും രണ്ടാമതു പണിയപ്പെട്ടതുമായ വലിയ പള്ളിയുടെ ഭിത്തിയുടെ ഭാഗങ്ങൾ നിലനില്ക്കുന്നതായും പുസ്തകത്തിൽ പ്രസ്താവിക്കുന്നു. നിലയ്ക്കൽ സുപ്രസിദ്ധമായ ഒരു സുഗന്ധ വ്യാപാര കേന്ദ്രം (Centre of spice Trade) ആയിരുന്നു. പള്ളിയുടെ അവശിഷ്ടങ്ങൾ അവിടെ നിന്ന് അപ്രത്യക്ഷമായത് സർ. സി. പി.യുടെ ഭരണകാലത്താണ്. ശബരിമല ക്ഷേത്രത്തിനടുത്ത് ക്രൈസ്തവ സാന്നിദ്ധ്യമുണ്ടായിരുന്നു എന്ന വസ്തുത മറച്ചുവയ്ക്കുവാനാണ് സി.പി. ഇതു ചെയ്തതെന്നു പറയപ്പെടുന്നു.

സെന്റ് തോമസ് പള്ളികളിൽ പിന്നെ അവശേഷിക്കുന്നത് നിരണവും കോട്ടക്കാവും (പറവൂർ) പാലയൂരും മാത്രമാണ്. ഇവിടെയെല്ലാം പുതുക്കിപ്പണിത പള്ളികളാണ് കാണുന്നത്. സ്ഥലം പോലും പഴയതു തന്നെ ആണോ എന്നു വ്യക്തമല്ല. പാലയൂരിൽ പുതിയ പള്ളിക്കുള്ളിൽ പഴയ പള്ളിയുടെ ഭാഗം എന്നു പറയുന്ന ജീർണ്ണിച്ച ചില തടിക്കഷണങ്ങൾ സൂക്ഷിച്ചിരിക്കുന്നു. അരപ്പള്ളി എന്നു പറയുന്ന തിരുവിതാംകോട്ടുപള്ളി ഇന്നും കാണാവുന്നതാണ്. അതും ഇരുപതു നൂറ്റാണ്ടുകൾക്ക് മുമ്പ് തീർന്നതാണെന്നു പറയാനാവില്ല. തടികൊണ്ടു നിർമ്മിക്കപ്പെട്ട ഒരു കെട്ടിടവും ഈർപ്പമുള്ള നമ്മുടെ കാലാവസ്ഥയിൽ അധികനാൾ നിലനിൽക്കുകയില്ല.

***പള്ളികൾ പണിതുവെന്നുറപ്പാണോ?***

വിശുദ്ധ അപ്പൊസ്തലന്റെ ഇടപെടൽമൂലം ഏഴു സ്ഥലങ്ങളിൽ പള്ളിപണിതുവെന്നും അവയുടെ മുമ്പിൽ കുരിശുനാട്ടിയെന്നും പറയുന്ന ചരിത്രം അപ്പടി വിശ്വസിക്കുവാൻ ബുദ്ധിമുട്ടുണ്ട്. ഒന്നാം നൂറ്റാണ്ടിൽ ലോകത്തൊരിടത്തും പള്ളികൾ ഉണ്ടായിരുന്നില്ല. ചെറുതും ചിന്നിച്ചിതറി താമസിച്ചിരുന്നതുമായ വിശ്വാസികൾ ഭവനങ്ങളിൽ ഒത്തുചേരുകയായിരുന്നു പതിവ്. പിൽക്കാലത്ത് അംഗസംഖ്യ വർദ്ധിച്ചപ്പോൾ നസ്രാണികളുടെ അങ്ങാടികളിൽ വച്ചാണ് ആരാധന നടത്തിയിരുന്നത്. യൂദത്തെരുവിന്റെ വീതി കുറഞ്ഞ നിരത്തിന്റെ ഇരുഭാഗത്തും വീടുകൾ തീർക്കുകയായിരുന്നു പതിവ്. മുൻവശത്ത് തുറന്ന വരാന്തയും അതിനുപിന്നിൽ കച്ചവടസാധനങ്ങൾ ശേഖരിച്ചുവയ്ക്കുന്നതിനുള്ള പീടികമുറിയും അതിന്റെ പിന്നിലായി താമസിക്കുന്നതിനുള്ള മുറികളുമാണ് പണിതിരുന്നത്. ഞായറാഴ്ച കമ്പോളം അടഞ്ഞുകിടക്കുന്നതിനാൽ നിരത്തിന്റെ ഇരുവശങ്ങളിലുമുള്ള വീടുകളുടെ തുറന്ന വരാന്തകളിൽ മുഖാമുഖം ഇരുന്ന് ആളുകൾക്ക് ആരാധനയിൽ സംബന്ധിക്കാമായിരുന്നു.

ആദ്യകാലങ്ങളിൽ കുരിശ് ക്രൈസ്തവ വിശ്വാസത്തിന്റെ ഒരു ചിഹ്നമായിരുന്നില്ല. രണ്ടു മീനുകളുടെ ചിഹ്നമാണ് ക്രൈസ്തവ സാന്നിദ്ധ്യം വ്യക്തമാക്കിയത്. പിൽക്കാലത്ത് കുരിശ് ഔദ്യോഗിക ചിഹ്നമായി സ്ഥാനം പിടിച്ചപ്പോൾ തെരുവിൽ സൗകര്യപ്രദമായ ഒരു സ്ഥാനം കണ്ടെത്തി കുരിശുനാട്ടുകയാണത്രേ ചെയ്തത്. ജനസംഖ്യ വീണ്ടും വർദ്ധിച്ചപ്പോൾ സൗകര്യപ്രദമായ മറ്റൊരു സംവിധാനം ആവശ്യമായി. അപ്പോൾ മാത്രമാണ് പള്ളികൾ പണിതു തുടങ്ങിയത്. ഇത് മൂന്നാം നൂറ്റാണ്ടിനുശേഷമാണു സംഭവിച്ചത് എന്നു കരുതുന്നു. നസ്രാണി അങ്ങാടികളിലുണ്ടായിരുന്ന കുരിശടിയിൽ നിന്ന് അധികം ദൂരമില്ലാത്ത ഒരു സ്ഥലമാണ് പള്ളിക്കായി തെരഞ്ഞെടുത്തിരുന്നത്.

---

ണമോ? അതുകൊണ്ട് ആർക്കു പ്രയോജനം? അതു നമ്മിൽ എടുക്കുന്നതിൽ ദൈവത്തിനു വിരോധമുണ്ടാകേണ്ട കാര്യമുണ്ടോ?

ലോകത്തിന്റെ ലാഭത്തെ ഉപേക്ഷിക്കുന്നതു ഒരു മണ്ടത്തരമായാണ് ഇന്നു വിശ്വാസികൾ കരുതുന്നത്. ദൈവം തരാത്തതു വേണ്ടെന്നു വയ്ക്കുന്നതാണു ആത്മീയത. ദൈവം നിഷേധിക്കുന്ന സുഖം വേണ്ട; ദൈവം നിഷേധിക്കുന്ന സമ്പത്തും വേണ്ട, ദൈവം നല്കാത്ത പ്രശസ്തി വേണ്ട എന്നു തീരുമാനിക്കാൻ നമുക്കു കഴിയണം!

പ്രത്യക്ഷതയിൽ കുഴപ്പമൊന്നുമില്ലാത്ത ഒരു കാര്യം ദൈവം നിഷേധിക്കുമ്പോൾ, അതു മാനുഷികമായി ഗ്രഹിക്കാൻ നമുക്കു കഴിവില്ലായിരിക്കാം. അതിന്റെ യുക്തി തിരക്കാനൊന്നും പോകേണ്ട കാര്യമില്ല. ദൈവത്തെ അനുസരിക്കാൻ പഠിച്ചാൽ മതി! അനുസരണത്തിലാണു അനുഗ്രഹം! ●

# വിശുദ്ധ മൂറോൻ കൂദാശ;
# സഭകളുടെ ആധികാരിക നിലപാടും മെത്രാൻ കക്ഷികളുടെ അപചയവും

**ഫാ. ഡോ. ബെൻസി മാത്യു, റാന്നി**

പാശ്ചാത്യ-പൗരസ്ത്യ സഭകൾ വിശുദ്ധ മൂറോൻ (Chrism) ഉപയോഗിക്കുന്നുണ്ടെങ്കിലും പൗരസ്ത്യ സഭകൾ വിശുദ്ധ മൂറോൻ കൂദാശമുതൽ ഉപയോഗ സമയത്തും എല്ലായ്പ്പോഴും സവിശേഷമായ പ്രാധാന്യം കൊടുത്തുവരുന്നു. മലങ്കര സഭയിലെ ഒരു വിഭാഗം ആകമാന സുറിയാനി സഭാതലവനോട് മറുതലിച്ച് പ്രത്യേക വിഭാഗമായി നിലകൊണ്ടെങ്കിലും സഭാഭിന്നതയെ തുടർന്ന് കുറേയെറെ വർഷങ്ങളിൽ നായകരായ മെത്രാൻമാർ മൂറോൻ കൂദാശയ്ക്ക് മുതിർന്നിരുന്നില്ല. മലങ്കരയിൽ വച്ച് അന്തോക്യ പാത്രിയർക്കീസുമാർ നാലുതവണ മൂറോൻ കൂദാശ കാനോനികമായി നിർവഹിച്ചിട്ടുണ്ട്. കുറെ വർഷങ്ങളായി ഓർത്തഡോക്സ് വിഭാഗം കാതോലിക്കാമാർ ഇല്ലാത്ത അധികാരമുപയോഗിച്ച് ഈ കൂദാശാകർമ്മം അനുകരിച്ച് നടത്തിവരുന്നു. ഏറ്റവുമൊടുവിൽ കാതോലിക്കായെ ഒരിടത്ത് ഇരുത്തി മറ്റ് മെത്രാൻമാർ കർമ്മം നടത്തുന്നു. സഭയുടെ മഹാപ്രധാനാചാര്യനാൽ മാത്രം കൂദാശ ചെയ്യപ്പെടുന്ന രീതിയും പാരമ്പര്യവുമാണ് സുറിയാനി സഭയിലുള്ളത്.

കത്തോലിക്കാ സഭയിൽ മെത്രാൻമാർ തൈലം തയ്യാറാക്കുന്നതായി അവരുടെ കാനോനിൽ പറയുന്നു. സുഗന്ധ കൂട്ടുകളും ഒലിവെണ്ണയും കലർത്തിയാണ് തൈലം തയ്യാറാക്കുന്നത്. സീറോ മലബാർ ആരാധനാക്രമമനുസരിച്ച് വലിയ ശനിയാഴ്ച രാവിലെ മെത്രാൻ തന്റെ കത്തീഡ്രലിൽ വെച്ച് ആഘോഷമായി തൈലം കൂദാശ ചെയ്യുകയും ഇടവക വികാരിമാർ അവിടെനിന്നും വാങ്ങികൊണ്ട് പോകുകയുമാണ് പതിവ് (കാനോൻ 693) പരിശുദ്ധാത്മാവിന്റെ വരദാനങ്ങൾക്കും ക്രൈസ്തവ സാക്ഷ്യത്തിനുമായി വിശ്വാസികളെ ഒരുക്കുന്ന സ്ഥൈര്യലേപന കൂദാശയ്ക്കുള്ള ക്രമം സഭ പ്രഘോഷിക്കുകയും കല്പ്പിക്കപ്പെടുകയും ചെയ്യുന്നതിന്റെ അന്തസത്ത

---

ബുദ്ധരുടെ ദേവാലയങ്ങൾ പള്ളി എന്ന പേരിലായിരുന്നുവല്ലോ അറിയപ്പെട്ടിരുന്നത്. നസ്രാണിയുടെ പള്ളിപണിയുവാൻ ബൗദ്ധരുടെ വാസ്തുശില്പം ഉപയോഗിച്ചിരിക്കാം എന്നു കരുതുന്നതിൽ തെറ്റില്ല. എട്ടാം നൂറ്റാണ്ടു മുതലാണ് ബ്രാഹ്മണർ ക്ഷേത്രനിർമ്മാണം ആരംഭിച്ചത്. ബൗദ്ധരിൽ നിന്നു പിടിച്ചെടുത്ത ക്ഷേത്രങ്ങൾക്ക് അവർ പുതിയ രൂപകല്പന നൽകി. ഒരുപക്ഷേ ഹൈന്ദവ ക്ഷേത്രസങ്കല്പങ്ങളെ നസ്രാണികളും അനുകരിച്ചിരിക്കണം. പഴയ പള്ളികളിൽ അല്പം വെളിച്ചം മാത്രം ലഭിക്കുന്ന മദ്ബഹായും ചെറിയ ജനാലകളുമാണുള്ളത്. ഏതാണ്ടു ക്ഷേത്രത്തിലെ ശ്രീകോവിൽപോലെ മനസ്സിന് ഏകാഗ്രത ലഭിക്കുവാൻ കത്തനാർക്ക് ഇടംനല്കുന്ന വിധമാണ് മദ്ബഹാ രൂപകല്പന ചെയ്തെന്നു കാണാവുന്നതാണ്. ജനാലകളുടെ എണ്ണവും വലിപ്പവും കുറവായിരുന്നതിനാൽ വെളിയിലേക്കുള്ള ശ്രദ്ധ ഒരു പരിധിവരെ തടയാനും ആവുമായിരുന്നു. പതിനൊന്നാം നൂറ്റാണ്ടിനുശേഷം പണിത പള്ളികൾക്ക് നാടകശാലകളും ഉണ്ടായിരുന്നു. അപ്പോഴേക്കും ഹൈന്ദവ ക്ഷേത്ര സംസ്ക്കാരം പ്രബലമായിക്കഴിഞ്ഞിരുന്നു എന്ന വസ്തുത മനസ്സിലാക്കണം. ക്ഷേത്രങ്ങൾക്ക് കൂത്തമ്പലങ്ങൾ ഉണ്ടായിരുന്നു. ചവിട്ടുനാടകം മാർഗ്ഗംകളി മുതലായവ അരങ്ങേറിയത് കൂത്തമ്പലത്തിനു ബദലായി പള്ളിയിൽ രൂപം കൊണ്ട നാടകശാലയിലായിരുന്നു എന്നുള്ളതാണു വസ്തുത. ചിലപ്പോൾ പള്ളിയോഗം കൂടുവാനും നാടകശാല ഉപയോഗിച്ചു.

**ജനായത്ത സംവിധാനം**

ബൗദ്ധപാരമ്പര്യം പിൻതുടർന്ന നസ്രാണികളുടെ പള്ളികൾക്ക് ജനകീയ സംവിധാനമാണുണ്ടായിരുന്നത്. ഇടവകയെ സംബന്ധിക്കുന്ന എല്ലാ തീരുമാനങ്ങളും എടുക്കുന്നത് ഇടവക സംഘം/യോഗം ആയിരുന്നു. ഈ ഇടവക സംഘത്തിന്റെ ആവശ്യപ്രകാരം ഇടവകയിൽനിന്നു തെരഞ്ഞെടുത്തിരുന്ന കുട്ടികൾക്കു വൈദിക വിദ്യാഭ്യാസവും തുടർന്നും പട്ടവും നല്കുവാൻ സഭയ്ക്കു ബാദ്ധ്യസ്ഥത ഉണ്ടായിരുന്നു. സഭയെ സംബന്ധിക്കുന്ന പൊതുതീരുമാനങ്ങൾ എടുത്തിരുന്നത് ഇടവക പ്രതിപുരുഷയോഗമായിരുന്നു. ഈ യോഗമാണ് നസ്രാണികളെ ഭരിക്കുന്ന ജാതിക്കു കർത്തവ്യനെ (അർക്കദിയൊക്കൻ) തെരഞ്ഞെടുത്തിരുന്നത്. പകലോമറ്റം, കാളിയാങ്കൽ തുടങ്ങിയ പ്രമുഖ കുടുംബത്തിൽപ്പെട്ടവരാണ് ഈ ചുമതലയിൽ വന്നിരുന്നത്. നാട്ടുകാരായ മേൽപട്ടക്കാർ ഇവിടെ ഇല്ലാതിരുന്ന സാഹചര്യത്തിൽ ജാതിയ്ക്കു കർത്തവ്യൻ എക്സിക്യൂട്ടീവ് ഹെഡ് എന്ന നിലയിൽ ഭരണക്രമത്തിനു നേതൃത്വം നല്കി. ഇവർക്കു രാജകീയ അംഗീകാരവും നസ്രാണിസൈനികരുടെ അകമ്പടിനേടുവാനും അവകാശം ഉണ്ടായിരുന്നു. ക്രൈസ്തവ ലോകത്ത് മറ്റെങ്ങും ഇല്ലാതിരുന്ന ഒരു സമ്പ്രദായമായിരുന്നു ഇത്.

●


**അറിയിപ്പ്**

**വാർത്തകൾ, ലേഖനങ്ങൾ, ചെറുകഥ തുടങ്ങിയവ യഥാസമയം**

**എഡിറ്റർ അലക്സാണ്ടർ കാരയ്ക്കാട്**
**യാക്കൂബ്യൻ മാസിക,**
**കാരയ്ക്കാട് പി.ഒ., പിൻ: 689 504, ചെങ്ങന്നൂർ**
**എന്ന വിലാസത്തിൽ അയച്ചുതരിക**

**www.alexanderkarakkad@gmail.com**

യിൽ തന്നെ കത്തോലിക്കാ സഭ കൂദാശ നിർവഹിക്കുന്നു.

മലങ്കര സഭയിൽ നിന്നും നവീകരണത്തിലൂടെ സ്വതന്ത്ര സഭയായിത്തീർന്ന മലങ്കര മാർത്തോമ്മാ സുറിയാനി സഭയിലെ മോസ്റ്റ് റവ. ജോസഫ് മാർ ബർണബാസ് എപ്പിസ്കോപ്പാ 2003 ഏപ്രിൽ മാസത്തെ 'മലങ്കര സഭാതാരക'യിലെ തന്റെ ലേഖനത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "സാധാരണയായി 'മൂറോൻ കുദാശ' എന്നു നാം പറയാറുണ്ട് എങ്കിലും മൂറോൻ ഇരട്ടിപ്പിക്കുന്ന (വർദ്ധിപ്പിക്കുന്ന) ശുശ്രൂഷയാണ് നമ്മൾ അനുഷ്ഠിക്കുന്നത്. പാലക്കുന്നത്ത് വലിയ മാത്യൂസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ തിരുമേനി അന്തോക്യാ പാത്രിയർക്കീസ് മോറാൻ മോർ ഇഗ്നാത്തിയോസ് ഏലിയാസ് ദ്വിതിയൻ ബാവായിൽനിന്ന് മേല്പട്ടസ്ഥാനം സ്വീകരിച്ച് 1842 ൽ മലങ്കരയിലേക്ക് വരുമ്പോൾ മൂറോൻ കൂടെ കൊണ്ടുവന്നിരുന്നു. നേർത്ത തുകലിൽ പൊതിഞ്ഞ ആ സ്ഫടിക ഭരണിയും വിശുദ്ധ മൂറോനും ഇന്നും സഭപൗരാണിക സ്വത്തും ആത്മാഭിമാനത്തിന്റെ രത്നവുമായി സൂക്ഷിക്കുന്നു. മാർ അത്താനാസിയോസിസ് നല്കിയ സ്ഥാത്തിക്കോനിൽ (അധികാരപത്രം) മൂറോൻ സംബന്ധിച്ചുള്ള വിഷയം പരാമർശിച്ചിട്ടുണ്ട്.

"നമ്മുടെ മക്കളേ, പിന്നെയും നിങ്ങളുടെ സ്നേഹത്തോട് നാം അറിയിക്കുന്നതെന്തന്നാൽ നമ്മുടെ പുത്രൻ മാത്യൂസ് മെത്രാപ്പോലീത്തായുടെ കൈവശം നിങ്ങളുടെ മക്കൾക്കായിട്ട് ശുദ്ധീകരിക്കപ്പെട്ട മൂറോൻ കൊടുത്തയച്ചിരിക്കുന്നു. നമ്മുടെ കർത്താവീശോ മശിഹായുടെ കബറിൽനിന്നുള്ള ഉയിർത്തെഴുനേല്പിന്റെ വലിയ പെരുന്നാളിന്റെ ശേഷം ഇനിയും മൂറോൻ ശുദ്ധീകരിപ്പാൻ നാം ആശിക്കുന്നു. വീണ്ടും നിങ്ങൾക്ക് നാം അയച്ചുതരും. ഇങ്ങനെ നിങ്ങൾക്ക് അറിയപ്പെട്ടിരിക്കട്ടെ. ആകാശത്തിലുള്ള ബാവാ ഇത്യാദി ആമ്മീൻ!!

ശുദ്ധീകരിക്കപ്പെട്ട തൈലത്തിൽ നിന്നും കുറച്ച് എടുത്ത് അന്തോക്യയിൽനിന്നും കൊണ്ടുവന്ന മൂറോനിൽ കലർത്തുന്നു. തുടർന്ന് കലർത്തപ്പെട്ട മൂറോനിൽ നിന്നും അല്പം എടുത്ത് ഇപ്പോൾ ശുദ്ധീകരിച്ച തൈലത്തിലേക്ക് പ്രധാന കാർമ്മികൻ കലർത്തുകയും മൂറോൻ വർദ്ധിപ്പിക്കുന്ന ശുശ്രൂഷയിൽ പങ്കാളിയാകുകയും ചെയ്യുന്നു. പരിശുദ്ധാത്മാവാകുന്ന സഭയിലേക്ക് വിശ്വാസികളെ ഉരുവാക്കുകയും ചേർക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്ന ആൾ. അന്തോക്യായിലേയും മലങ്കരയിലേയും സഭകൾ തമ്മിലുള്ള സ്നേഹത്തിന്റെയും കരുതലിന്റേയും ഐക്യത്തിന്റേയും പൂർണ്ണപ്രതീകമാണ് ഈ ശുദ്ധീകരിക്കപ്പെടുന്ന വി. മൂറോൻ. ഇത് ദൈവീക ഇടപാടിൽ വന്നു സംഭരിച്ചതാണ്. നമുക്ക് സന്തോഷവും ലോകർക്ക് ആശ്ചര്യവും എതിരാളികൾക്ക് മനസ്സിലാകുവാൻ കഴിയാത്ത മർമ്മവുമായി തീർന്നിരിക്കുന്നു. ഇപ്രകാരമുള്ള വർദ്ധിപ്പിക്കൽ/ഇരട്ടിപ്പിക്കൽ ലോകത്തിൽ മറ്റൊരു സഭയിലും ഇല്ല എന്ന് പറയാം.

വിശുദ്ധ മൂറോൻ ശുശ്രൂഷയിലൂടെ ഒന്നായിരിക്കുന്ന സഭാംഗങ്ങൾ തമ്മിൽ വിശുദ്ധ കുർബാനയിൽ പങ്കാളിത്തം ഇല്ല എന്നത് ഒരു ദുഃഖസത്യമായി അവശേഷിക്കുന്നു. സഭാംഗങ്ങൾ തമ്മിൽ തമ്മിലും സഭാനാഥനായ കർത്താവും രക്ഷനും ദൈവവുമായുള്ള ബന്ധത്തിലും നിലനില്ക്കുന്നതിനും ഐക്യപ്പെടുന്നതിനും ഈ ത്രിത്വരഹസ്യത്തിൽ ഒന്നാക്കപ്പെടുന്നതിനും മൂറോന്റെ ശുശ്രൂഷമൂലം സാധിക്കുന്നു. ഈ വിശുദ്ധ ബന്ധത്തിന്റെ അന്തർധാരയാകാം അന്തോക്യയിലെ പാത്രിയർക്കീസ് സഖാ പ്രഥമൻ തിരുമനസ്സിനെ 1982-ലെ മാരാമൺ മഹായോഗത്തിലേക്ക് നയിച്ച ആന്തരിക ശക്തിയും പ്രേരണയും പ്രചോദനവും!!

ഈ ഉദാത്തമായ അനുഷ്ഠാനം മാതൃകാപരവും അതിശ്രേഷ്ഠവുമല്ലേ. നവീകരണത്തിലൂടെ വേർപിരിഞ്ഞിട്ട് ഒന്നര ശതാബ്ദത്തിലേറെയായിട്ടും വിശ്വാസവും കൂദാശയും വികലമാകാതെ അനുഷ്ഠിക്കുന്ന വിശ്വാസത്തിന്റെ ഈ ആധികാരികതയും സഭാതലവനോട് മറുതലിച്ചുകൊണ്ട് കാട്ടുന്ന ദേവലോകം വിഭാഗത്തിന്റെ തരംതാണ നടപടികളും വിശ്വാസികൾ തിരിച്ചറിയും. എല്ലാ സഭകളും അവരവരുടെ പൈതൃകത്തിൽ അധിഷ്ഠിതമായാണ് ചരിക്കുന്നത്. ആചാരങ്ങളും അനുഷ്ഠാനങ്ങളും പരമ്പര്യങ്ങളും വിശ്വാസങ്ങളുമനുസരിച്ച് അധികാരകമായി ക്രമീകരിക്കപ്പെട്ടവയുമാണ്. 'അനുസരണം ബലിയേക്കാൾ ഉത്തമം" എന്ന ക്രൈസ്തവാദർശം കാറ്റിൽപ്പറത്തി ഇല്ലാത്തതൊകെ ഉണ്ടെന്ന് ഭാവിക്കുന്നവർക്ക് കാപട്യം മാത്രം എന്നും കൂട്ടിനുണ്ടാകും.

പൂർവീക സഭയും സഭാപിതാവുമായി ഐക്യപ്പെടാതെ മുട്ടാത്തർക്കങ്ങളുയർത്തി നില്ക്കുന്നതിനൊരു കാരണം തന്നെ ഇന്നുവരെയുള്ള നിലപോടുകളും ചെയ്തികളും അടിസ്ഥാനമില്ലാത്തതും കാപട്യം നിറഞ്ഞുമായതിനാൽ വാദഗതികളൊക്കെ പൊള്ളയാണെന്ന് സമൂഹത്തിനു മുമ്പാകെ വെളിവായുമെന്നതിനാലായിരിക്കാം. ഓർത്തഡോക്സുകാരുടെ മൂറോൻ കൂദാശ് ദഹിക്കപ്പെടാത്ത ബാലിന്റെ യാഗമാത്രമാണ് ഏലിയാവിന്റെ സ്ഥാനത്ത് പ. പാത്രിയർക്കീസ് ബാവയാണ്.

## വാങ്ങിപ്പുപെരുന്നാൾ പത്തനംതിട്ട കത്തീഡ്രലിൽ

വി. ദൈവമാതാവിന്റെ വാങ്ങിപ്പുപെരുന്നാളും തുമ്പമൺ ഭദ്രാസന കൺവൻഷനും പത്തനംതിട്ട നഗരത്തിന്റെ ഹൃദയഭാഗത്തുള്ള കത്തീഡ്രലിൽ 10 മുതൽ 15 വരെ ഭക്തിനിർഭരമായി നടന്നു. കൺവൻഷൻ അഭി. ഇടവക മെത്രാപ്പോലീത്താ യൂഹാനോൻ മോർ മിലിത്തിയോസ് ഉദ്ഘാടനം ചെയ്തു. ഫാ. പൗലോസ് പാറേക്കര, ഫാ. ജിജു വറുഗീസ് പാലക്കാട്, സിസ്റ്റർ എസ്തീനാ, ഫാ. കൊച്ചുമോൻ തോമസ് എന്നിവർ സുവിശേഷ പ്രസംഗം നടത്തി. 14 ന് നഗരംചുറ്റി റാസയും 15 ന് അഭി. തിരുമേനിയുടെ പ്രധാനകാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബാന, പ്രദക്ഷിണം, നേർച്ചവിളമ്പ് ഇവയോടെ പെരുന്നാൾ സമാപിച്ചു.

# മക്കളും മാതാപിതാക്കളും - ചുമതലകൾ

ആനി വി. തോമസ്

മാതാപിതാക്കളെ എത്രമാത്രം ബഹുമാനിക്കണം, മക്കളെ എങ്ങനെ കരുതണം എന്നതിനെക്കുറിച്ച് ഗ്രാഹ്യമില്ലാത്തതിനാലുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിധിയില്ല.

**1. മക്കൾ ദൈവദാനമാണ് (ഉല്പത്തി 33:5)**

നിന്നോടു കൂടെയുള്ള ഇവർ ആർ എന്നു ചോദിച്ചതിന് ദൈവം അടിയനു നല്കിയിരിക്കുന്ന മക്കൾ എന്നു അവൻ പറഞ്ഞു സങ്കീ. 127:3.

മക്കൾ യഹോവ നല്കുന്ന അവകാശവും ഉദരഫലവും തന്നേ വീരന്റെ കയ്യിലെ അസ്ത്രങ്ങൾ എങ്ങനെയോ അങ്ങനെയാകുന്നു യൗവനത്തിലെ മക്കൾ അവയെക്കൊണ്ടു തന്റെ ആവനാഴിക നിറെച്ചിരിക്കുന്ന പുരുഷൻ ഭാഗ്യവാൻ നഗരവാതിൽക്കൽവച്ചു ശത്രുക്കളോടു സംസാരിക്കുമ്പോൾ അങ്ങനെയുള്ളവർ ലജ്ജിച്ചുപോകയില്ല.

**2. ദൈവവഴി ഉപദേശിക്കണം (ആവർത്തനം 31:9 -12-13)**

അനന്തരം മോശ ഈ ന്യായപ്രമാണം എഴുതി യഹോവയുടെ നിയമപെട്ടകം ചുമക്കുന്ന ലേവ്യരായ പുരോഹിതന്മാരെയും യിസ്രായേലിന്റെ എല്ലാ മൂപ്പന്മാരെയും ഏല്പിച്ചു. മോശെ അവരോടു കല്പിച്ചത് എന്തെന്നാൽ ഏഴേഴു സംവത്സരം കൂടുമ്പോൾ ഉള്ള വിമോചന സംവത്സരത്തിലെ കൂടാരപ്പെരുന്നാളിൽ യിസ്രായേൽ മുഴുവനും നിന്റെ ദൈവമായ യഹോവയുടെ സന്നിധിയിൽ അവൻ തിരഞ്ഞെടുക്കുന്ന സ്ഥലത്തുവരുമ്പോൾ ഈ ന്യായപ്രമാണം എല്ലാ യിസ്രായേല്യരും കേൾക്കെ അവരുടെ മുമ്പാകെ വായിക്കേണം. പുരുഷന്മാരും സ്ത്രീകളും നിന്റെ പട്ടണത്തിലുള്ള പരദേശിയും കേട്ടുപഠിച്ചു നിങ്ങളുടെ ദൈവമായ യഹോവയെ ഭയപ്പെട്ടു ഈ ന്യായപ്രമാണത്തിലെ വചനങ്ങൾ ഒക്കെയും പ്രമാണിച്ചു നടക്കേണ്ടതിനും അവയെ അറിഞ്ഞിട്ടില്ലാത്ത *അവരുടെ മക്കൾ കേൾ*ക്കേണ്ടതിനും നിങ്ങൾ യോർദ്ദാൻ കടന്നു കൈവശമാക്കുവാൻ ചെല്ലുന്ന ദേശത്തു നിങ്ങളുടെ ആയുഷ്കാലമൊക്കെയും നിങ്ങളുടെ ദൈവമായ യഹോവയെ ഭയപ്പെടുവാൻ പഠിക്കേണ്ടതിനും ജനത്തെ വിളിച്ചുകൂട്ടേണം.

ആവർത്തനം 6:410

യിസ്രായേലെ കേൾക്ക; യഹോവ നമ്മുടെ ദൈവമാകുന്നു. യഹോവ ഏകൻ തന്നേ, നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കേണം. ഇന്നു ഞാൻ നിന്നോടു കല്പിക്കുന്ന ഈ വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കേണം നീ അവയെ *നിന്റെ മക്കൾക്ക്* ഉപദേശിച്ചു കൊടുക്കയും നീ വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും അവയെക്കുറിച്ച് സംസാരിക്കയും വേണം അവയെ അടയാളമായി നിന്റെ കൈമേൽ കെട്ടേണം. അവ നിന്റെ കണ്ണുകൾക്ക് മദ്ധ്യേ പട്ടമായി ഇരിക്കേണം. അവയെ നിന്റെ വീട്ടിന്റെ കുട്ടികളിൽ മേലുംപടി വാതിലുകളിലും എഴുതേണം നിന്റെ ദൈവമായ... യഹോവയെ മറക്കാതിരിപ്പാൻ സൂക്ഷിച്ചു കൊൾക.

**3. ബുദ്ധിയായി ശാസിച്ചു ശിക്ഷിക്കണം (സദൃശ. 29:7)**

നിന്റെ മകനെ ശിക്ഷിക്ക അവൻ നിനക്ക് ആശ്വാസമായിത്തീരും. അവൻ നിന്റെ മനസ്സിനു പ്രമോദം വരുത്തും സദൃശ. 29:15.

വടിയും ശാസനയും ജ്ഞാനത്തെ നല്കുന്നു. തന്നിഷ്ടത്തിനു വിട്ടിരുന്ന ബാലനോ അമ്മെക്കു ലജ്ജ വരുത്തുന്നു.

**4. ക്രിസ്തുവിങ്കലേക്ക് കൊണ്ടുവരണം (മർക്കൊസ് 10:13-16)**

അവൻ തൊടേണ്ടതിനു ചിലർ ശിശുക്കളെ അവന്റെ അടുക്കൽ കൊണ്ടുവന്നു. ശിഷ്യന്മാരൊ അവരെ ശാസിച്ചു. യേശു അതു കണ്ടാറെ മുഷിഞ്ഞു അവരോടു ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ അവരെ തടുക്കരുത് ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതയല്ലോ. ദൈവരാജ്യത്തെ ശിശു എന്നപോലെ കൈക്കൊള്ളാത്തവൻ ആരും ഒരുനാളും അതിൽ കടക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു. പിന്നെ അവൻ അവരെ അണെച്ചു അവരുടെ മേൽ കൈവച്ചു അവരെ അനുഗ്രഹിച്ചു.

**മക്കൾക്ക് മാതാപിതാക്കളോടുള്ള ചുമതലകൾ**

**1. ഭയപ്പെടണം (ലേവ്യ 19:3)**

നിങ്ങൾ ഓരോരുത്തൻ താന്താന്റെ അമ്മയെയും അപ്പനെയും ഭയപ്പെടണം.

**2. ബഹുമാനിക്കണം (പുറപ്പാട് 20:12)**

നിന്റെ ദൈവമായ യഹോവ നിനക്ക് തരുന്ന ദേശത്ത് നിനക്ക് ദീർഘായുസ്സുണ്ടാകുവാൻ നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക.

**3. സ്നേഹിക്കണം (ഉല്പത്തി 46:29)**

യോസേഫ് രഥം കെട്ടിച്ചു അപ്പനായ യിസ്രായേലിനെ എതിരേല്പ്പാൻ ഗോശെനിലേക്ക് പോയി, അവിനെ കണ്ടപ്പോൾ കെട്ടിപ്പിടിച്ചു ഏറെനേരം കരഞ്ഞു. യിസ്രായേൽ യോസേഫിനോടു നീ ജീവനോടിരിക്കുന്നു എന്നു ഞാൻ നിന്റെ മുഖം കണ്ടറിഞ്ഞതുകൊണ്ടു ഞാൻ ഇപ്പോൾ തന്നേ മരിച്ചാലും വേണ്ടതില്ല എന്നു പറഞ്ഞു.

**4. ഉപദേശം ശ്രദ്ധിക്കണം (സദൃശ. 1:8,9)**

മകനേ, അപ്പന്റെ പ്രബോധനം കേൾക്ക. അമ്മയുടെ ഉപദേശം ഉപേക്ഷിക്കയുമരുതു സദൃശ 4:1.

മക്കളെ അപ്പന്റെ പ്രബോധനം കേട്ടു വിവേകം പ്രാപിക്കേണ്ടതിന് ശ്രദ്ധിപ്പിൻ.

**5. അനുസരിക്കണം (സദൃശ. 6:20)**

മകനെ, നിന്റെ അപ്പന്റെ കല്പന പ്രമാണിക്ക. അമ്മയുടെ ഉപദേശം ഉപേക്ഷിക്കയുമരുതു. നിന്റെ

കഴുത്തിൽ അതുകെട്ടിക്കൊൾക. നീ നടക്കുമ്പോൾ അത് നിനക്ക് വഴികാണിക്കും. നീ ഉറങ്ങുമ്പോൾ അതു നിന്നെ കാക്കും. നീ ഉണരുമ്പോൾ അതു നിന്നോടു സംസാരിക്കും. കല്പന ഒരു ദീപവും ഉപദേശം ഒരു വെളിച്ചവും പ്രബോധനത്തിന്റെ ശാസനകൾ ജീവന്റെ മാർഗ്ഗവും ആകുന്നു.

**6. ശുശ്രൂഷിക്കണം (1 തിമൊ. 5:4)**

വല്ല വിധവക്കും പുത്രപൗത്രന്മാർ ഉണ്ടെങ്കിൽ അവർ മുമ്പെ സ്വന്തകുടുംബത്തിൽ ഭക്തി കാണിച്ചു അമ്മയപ്പന്മാർക്ക് പ്രത്യുപകാരം ചെയ്‌വാൻ പഠിക്കട്ടെ ഇത് ദൈവസന്നിധിയിൽ പ്രസാദകരമാകുന്നു.

**7. ദുഷ്ടമാതാപിതാക്കന്മാരെ അനുസരിക്കരുത് (യെഹ. 20:18)**

ഞാൻ മരുഭൂമിയിൽ വെച്ചു അവരുടെ മക്കളോടു നിങ്ങളുടെ പിതാക്കന്മാരുടെ ചട്ടങ്ങളിൽ നടക്കരുത്. അവരുടെ വിധികളെ പ്രമാണിക്കരുത്. അവരുടെ വിഗ്രഹങ്ങളെക്കൊണ്ടു നിങ്ങളെത്തന്നേ അശുദ്ധമാക്കുകയും അരുത്. ഞാൻ നിങ്ങളുടെ ദൈവമായ യഹോവയാകുന്നു. നിങ്ങൾ എന്റെ ചട്ടങ്ങളെ അനുസരിച്ചു നടന്നു എന്റെ വിധികളെ പ്രമാണിട്ടു അനുഷ്ഠിപ്പിൻ. എന്റെ ശാബത്തുകളെ വിശുദ്ധീകരിപ്പിൻ ഞാൻ നിങ്ങളുടെ ദൈവമായ യഹോവ എന്നു നിങ്ങൾ അറിയേണ്ടതിന് അവ എനിക്കും നിങ്ങൾക്കും ഇടയിൽ അടയാളമായിരിക്കട്ടെ എന്നു കല്പിച്ചു.

എല്ലാവരിലും ഉപരിയായി ദൈവത്തെ അനുസരിക്കേണ്ടതാകുന്നു ബാർ ആസിറെ 3:1–17.

മക്കളെ നിങ്ങൾക്ക് ശാശ്വതജീവിതം ഉണ്ടാകുവാൻ നിങ്ങളുടെ മാതാപിതാക്കളെ അനുസരിച്ച് പ്രവർത്തിപ്പിൻ. എന്തെന്നാൽ ദൈവം മക്കൾക്കുമേൽ പിതാവിന് മഹിമ നല്കി. സന്താനങ്ങളുടെ മേൽ മാതാവിനുള്ള അധികാരവും താനുറപ്പിച്ചു. സ്വപിതാവിനെ ബഹുമാനിക്കുന്നവന്റെ കുറ്റങ്ങൾ ക്ഷമിക്കപ്പെടും.

തന്റെ അമ്മയെ ബഹുമാനിക്കുന്നവൻ വലിയ നിക്ഷേപമാണ് കരുതുന്നത്. സ്വപിതാവിനെ ബഹുമാനിക്കുന്നവൻ അവന്റെ മകനിൽനിന്ന് സന്തോഷമനുഭവിക്കും. അവൻ പ്രാർത്ഥിക്കുമ്പോൾ അതു കേൾക്കപ്പെടുകയും അതിനുത്തരം ലഭിക്കുകയും ചെയ്യും. തന്റെ പിതാവിനെ ബഹുമാനിക്കുന്നവനു ദീർഘയുസ്സുണ്ടാകും. തന്റെ മാതാവിനെ ബഹുമാനിക്കുന്നവൻ ദൈവത്തിൽ പ്രത്യാശവയ്ക്കുന്നു. എന്റെ മകനേ നിന്റെ മേൽ അനുഗ്രഹങ്ങൾ ധാരാളമായി വരേണ്ടതിനായി നിന്റെ പിതാവിനെ വാക്കിലും പ്രവൃത്തികളിലും ബഹുമാനിക്കുക. പിതാവിന്റെ അനുഗ്രഹം ഉയരങ്ങളിന്മേൽ നിന്നെ നിർത്തും. മാതാവിന്റെ ശാപമോ, നിന്നെ വേരോടെ പറിക്കും. നിന്റെ പിതാവിനെ അപമാനിച്ച് നീ ബഹുമാന്യനാകരുത്. അത് നിനക്ക് ബഹുമാനമല്ല. മനുഷ്യ ബഹുമാനം അവന്റെ പിതാവിന്റെ ബഹുമാനമാണ്. തന്റെ മാതാവിനെ അവഗണിക്കുന്നവനു അതു കടുത്ത കുറ്റവുമാണ്. എന്റെ മകനേ നിന്റെ പിതാവിനെ നീ ബഹുമാനിക്കുന്നതു മൂലം നീ സുശക്തനാകുക നിന്റെ ആയുഷ്കാലത്തൊരിക്കലും അവനെ ബഹുമാനിക്കുന്നതിന് മുടക്കം വരുത്തരുത്. പിതാവ് അല്പം ബുദ്ധി കുറഞ്ഞവനാണെങ്കിലും നീ അയാളോടു ക്ഷമിക്കണം. നിന്റെ ആയുഷ്കാലത്തൊരിക്കലും പിതാവിനെ നീ ലജ്ജിപ്പിക്കരുത്. പിതാവിനോടുള്ള കടമ നിർവഹിക്കുന്നത് ഒരിക്കലും വിസ്മരിക്കപ്പെടുകയില്ല. പാപക്കടങ്ങൾ വീടുന്നതിന് അത് പ്രയോജനപ്പെടും. കഷ്ടതയുടെ നാളുകളിൽ നിന്നോടു അതു ഓർക്കപ്പെടും. സൂര്യന്റെ ചൂടുകൊണ്ട് മഞ്ഞ് മാഞ്ഞുപോകുന്നതുപോലെ നിന്റെ പാപം മാഞ്ഞുപോകും. പിതാവിനെ ദുഷിക്കുന്നത് ദൈവദൂഷണം പോലെ തന്നെ. മാതാവിനെ അവഗണിക്കുന്നവൻ സൃഷ്ടാവിന്റെ മുമ്പിൽ ശപ്തനത്രെ സദൃശ. 30:17.

അപ്പനെ പരിഹസിക്കുകയും അമ്മയെ അനുസരിക്കാതിരിക്കയും ചെയ്യുന്ന കണ്ണിനെ തോട്ടരികത്തെ കാക്ക കൊത്തിപ്പറിക്കയും കഴുകൻ കുഞ്ഞുങ്ങൾ തിന്നുകയും ചെയ്യും സദൃശ. 20:20.

മാതാപിതാക്കളെ ശപിക്കുന്നവന്റെ വിളക്ക് കണ്ണിന്റെ അന്ധകാരത്തിൽ കെട്ടുപോകും ബാർ ആസിറെ. 7:27.

നിന്റെ പിതാവിനെയും നിന്നെ പെറ്റുവളർത്തിയ അമ്മയെയും പൂർണ്ണഹൃദയത്തോടെ ബഹുമാനിക്കണം. അവരെ ഒരിക്കലും മറക്കരുത്. അവരില്ലായിരുന്നുവെങ്കിൽ നീയുമില്ല എന്ന വസ്തുത നീ ഓർത്തുകൊള്ളണം. നിന്നെ വളർത്തിക്കൊണ്ടു വന്നവർക്ക് എന്തു പ്രതിഫലമാണ് നിനക്ക് കൊടുക്കുവാനുള്ളത്?

*അഹറോന് മോശ ദൈവമായും അഹറോൻ മോശക്ക് വായായിരിക്കുമെന്നുമാണ് ദൈവം കല്പിച്ചത്.* സഭയുടെ ഏറ്റവും പ്രാഥമിക യൂണിറ്റാണ് കുടുംബം ആ കുടുംബത്തിന്റെ പൗരോഹിത്യം അപ്പനമ്മമാർക്കുണ്ട്. അതുകൊണ്ട് *അമ്മയപ്പന്മാർ മക്കൾക്ക് കാണപ്പെട്ട ദൈവങ്ങളാണ്.* അപ്പോൾ നിന്റെ ദൈവത്തെ പൂർണ്ണശക്തിയോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും സ്നേഹിക്കേണ്ടതായതുകൊണ്ട് മാതാപിതാക്കന്മാരെ വെറുക്കരുത്. മാതാപിതാക്കളിൽ ആരെയെങ്കിലും ഒരാളെ മാത്രം സ്നേഹിക്കുകയും ആദരിക്കുകയും ചെയ്താൽ പോര. മാതാവിനെയും പിതാവിനെയും ബഹുമാനിക്കുക എന്നാണ് ദൈവകല്പന അവരിൽ ആരെയെങ്കിലും ഒരാളെ സ്നേഹിക്കുകയും മറ്റയാളെ അവഗണിക്കുകയും ചെയ്യുന്നതും തെറ്റാണെന്നും അക്ഷന്തവ്യമായ പാപമാണെന്നും ബാർ ആസിറെ പറയുന്നു.

അതുപോലെ മക്കളെ പ്രകോപിപ്പിക്കാതെ പഥ്യോപദേശത്തിൽ വളർത്തുകയും വേണം എഫേസ്യർ 6:1–4).

മക്കളെ നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ അത് ന്യായമല്ലോ "നിനക്ക് നന്മ ഉണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നത് വാഗ്ദത്തത്തോടുകൂടിയ ആദ്യകല്പന ആകുന്നു. പിതാക്കന്മാരെ നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശിക്ഷയിലും പഥ്യോപദേശത്തിലും പോറ്റി വളർത്തുവിൻ. ●

# കൂടാരപ്പെരുന്നാളിനുശേഷം ഒന്നാം ഞായറാഴ്ച

(മർക്കോസ് 4:21–34; മത്തായി 13:44–52; മത്തായി 21:28–32)

ഈ ദിവസത്തെ സന്ധ്യയുടേയും പ്രഭാതത്തിന്റേയും ഏവൻഗേലിയോൻ സ്വർഗ്ഗരാജ്യത്തേക്കുറിച്ചുള്ള ഉപമകളാണ്. കർത്താവ് സ്വർഗ്ഗരാജ്യത്തേക്കുറിച്ച് അനേകം ഉപമകൾ പറഞ്ഞിട്ടുണ്ട്. നമ്മൾ ഇതിനു മുമ്പ് അവയിൽ പലതിനേക്കുറിച്ചും ചിന്തിക്കയും പഠിക്കയും ചെയ്തിട്ടുണ്ടല്ലോ. ഇന്നത്തെ വി. കുർബാനയുടെ ഏവൻഗേലിയോനിൽ അനുതപിക്കുന്നവർ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കുറിച്ചും കാണുന്നു.

കടുകുമണി മുളച്ചു വൻവൃക്ഷമാകുന്നതിനേക്കുറിച്ചും മൂന്നു പറമാവിൽ പുളിമാവ് ഒളിപ്പിച്ചുവച്ചു മാവു മുഴുവനേയും പുളിപ്പിക്കുന്നതിനേക്കുറിച്ചും, പത്തു കന്യകമാരുടെ ഉപമയും കടലിൽ വീശി വലിച്ചെടുത്ത വലയേക്കുറിച്ചും, ലാസർ മരിച്ചു അബ്രഹാമിന്റെ മടിയിൽ വസിച്ചതിനേക്കുറിച്ചും, ഒരു രത്നവ്യാപാരി വിലയേറിയ രത്നം കണ്ടെത്തിയപ്പോൾ തനിക്കുള്ളതെല്ലാം വിറ്റ് അത് വാങ്ങിയതിനെക്കുറിച്ചും, ഒരുവൻ ഒരു നിധി കണ്ടെത്തിയിട്ട് തനിക്കുള്ളതെല്ലാം വിറ്റ് ആ നിധി കിടന്ന നിലം വാങ്ങിയതിനേക്കുറിച്ചും എന്നിങ്ങനെ പല ഉപമകൾ കർത്താവ് പറഞ്ഞിട്ടുണ്ട്.

വി. കുർബാനയിലെ വായനയിൽ പറഞ്ഞിരിക്കുന്ന ദൈവരാജ്യ പ്രവേശനത്തേക്കുറിച്ചും സ്വർഗ്ഗരാജ്യത്തെക്കുറിച്ച് പൊതുവായി നമുക്ക് ചിന്തിക്കാം.

ശാസ്ത്രിമാരുടേയും പരീശന്മാരുടേയും ഉന്നതഭാവവും മാനസാന്തരമില്ലായ്മയും കണ്ടു കർത്താവ് മനസ്സുമടുത്ത് പറയുന്നുണ്ട്: “ചുങ്കക്കാരും വേശ്യാസ്ത്രീകളും നിങ്ങൾക്ക് മുമ്പായി സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കും, എന്തുകൊണ്ടെന്നാൽ അവർ യോഹന്നാന്റെ പ്രസംഗത്താൽ അനുതപിച്ചു: നിങ്ങൾ ഒടുവിൽ പോലും അനുതപിച്ചില്ല.” ഒരവസരത്തിൽ കർത്താവ് അവരോട് പറയുന്നു: “നിങ്ങൾക്ക് ന്യായപ്രമാണമുണ്ട്, നിങ്ങൾ പിടിച്ചിരിക്കുന്ന നിങ്ങൾ അതിൽ പ്രവേശിക്കുന്നില്ല, അന്യർ പ്രവേശിക്കാൻ സമ്മതിക്കുന്നുമില്ല, നിങ്ങൾ കടലും കരയും ചുറ്റിനടന്ന് ഒരുവനെ ജാതിയിൽ ചേർക്കുന്നു, ചേർത്തശേഷം അവനെ ഇരട്ടി നരകയോഗ്യനാക്കിത്തീർക്കുന്നു.

ചുങ്കക്കാരനും പരീശനും പ്രാർത്ഥിപ്പാൻ ദേവാലയത്തിൽ പോയതിനേക്കുറിച്ച് കർത്താവ് പറയുന്നുണ്ടല്ലോ. താഴ്മയും പാപബോധവും അനുതാപവും ഉള്ളവനത്രെ ദൈവമുമ്പാകെ സ്വീകരിക്കപ്പെടുന്നവൻ. അവൻ മാത്രമേ സ്വർഗ്ഗത്തിൽ കയറുകയുള്ളു.

നിക്കോദീമോസിനോടു കർത്താവ് പറയുന്നു: “ഒരുവൻ വീണ്ടും ജനിക്കുന്നില്ലായെങ്കിൽ അവൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശക്കിയില്ല” എന്ന്. വെള്ളത്തിൽ നിന്നും ആത്മാവിൽ നിന്നുള്ള വീണ്ടും ജനനമാണ്, വീണ്ടും മാതാവിന്റെ ഉദരത്തിൽ കയറി ശിശുവായി ജനിക്കുന്ന കാര്യമല്ല കർത്താവ് പറഞ്ഞത്. മാനസാന്തരപ്പെടുന്നതും കർതൃനാമത്തിൽ മാമോദീസാ മുങ്ങുന്നതുമാണ് കർത്താവുദ്ദേശിച്ചത്. ശിശുവിനെ എടുത്തു കാണിച്ച് “ഇവരേപ്പോലെ നിങ്ങൾ ആയിതീരുവാൻ തക്കവണ്ണം മനസ്സു തിരിഞ്ഞില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ല എന്നു പറയുന്നു.

നിഗളികൾക്ക് അങ്ങോട്ടു കേറാൻ പറ്റുകയില്ല. പറുദീസാ സ്വർഗ്ഗത്തിനുമുമ്പുള്ള ഒരു മദ്ധ്യസ്ഥിതിയാണ്. വലത്തുഭാഗത്തെ കള്ളൻ അവന്റെ അനുതാപം മൂലം അതിനെ യോഗ്യനായി തീർന്നു. മരിച്ചു പോകുന്ന വിശ്വാസികളും വിശുദ്ധന്മാരും കന്യകമറിയാം അമ്മയും എല്ലാം പറുദീസായിലാണ്. ന്യായവിധിക്കു ശേഷം കർത്താവിന്റെ വരവിനെ തുടർന്നാണ് സ്വർഗ്ഗപ്രവേശം മനുഷ്യർക്കെല്ലാം ലഭിക്കുന്നത്. സ്വർഗ്ഗത്തിൽ നിന്നിറങ്ങിയവൻ മാത്രം അങ്ങോട്ടു കയറി.

അവിടെ ശാന്തിയും സമാധാനവും കൂട്ടായ്മയും താഴ്മയോടുകൂടെ വണങ്ങിയുള്ള ആരാധനയുമാണ്. അതിന് മടികാണിച്ചു നിഗളിച്ച് സമത്വത്തിനുവേണ്ടി വാദിച്ചവരാണ് അവിടെ നിന്ന് തള്ളപ്പെട്ട് തലകീഴായി വീണ് നരകത്തിലെ വാസികളും അതിന്റെ ദൂതന്മാരുമായിതീർന്നത്.

സ്വർഗ്ഗരാജ്യത്തിൽ പല അഭിപ്രായങ്ങളില്ല. ഏക അഭിപ്രായം, ഒരു ഇഷ്ടം, എല്ലാം ദൈവയിഷ്ടം. സ്വയം എന്നൊരു ചിന്ത അവിടെയില്ല. അതുകൊണ്ടാണ് “നിന്റെയിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണെ”യെന്നു പ്രാർത്ഥിക്കുന്നത്. സഭയുടെ പരമ മേലദ്ധ്യക്ഷനായ പാത്രീയാർക്കീസിന് കീഴ്പ്പെടാതെ സഭയുടെ ഒരു വിഭാഗത്തിന്റെ മാത്രം തലവനായിരിക്കുന്നയാൾ ഞങ്ങൾ സമന്മാരാണെന്ന് പറയാൻ തുടങ്ങുന്നത് സ്വർഗ്ഗത്തിലെ ദൂതന്മാരുടെയിടയിലുണ്ടായ ആദ്യത്തെ പാപം തന്നെയാണ്. അതേ പാപമാണ് ആദാമിനേയും ഹവ്വായേയും തോട്ടത്തിൽ നിന്നും പുറത്താക്കിയത്. കീഴ്പ്പെട്ടിരിക്കാനും അനുസരിക്കാനും വണങ്ങാനുമുള്ള മനസ്ഥിതിയാണ് സ്വർഗ്ഗത്തിൽ അത് ആർക്കില്ലാതാകുന്നുവോ അവർ സ്വർഗ്ഗത്തിൽ നിന്ന് വീഴുകയാണ്, അവർക്ക് സ്ഥലം വേറെയാണ്, സ്വർഗ്ഗമല്ല.

സ്വർഗ്ഗത്തിലേക്കു നമ്മൾ ശരീരത്തോടെയാണ് പ്രവേശിക്കുന്നതെങ്കിലും നമ്മുടെ ശരീരത്തിന് ഒരു രൂപാന്തരം (mutation or transformation) ഉണ്ടാകുന്നു. അവസാന കാഹളശബ്ദം കേൾക്കുമ്പോൾ മരിച്ചുപോയവരെല്ലാം കണ്ണിമയ്ക്കുന്ന നേരംകൊണ്ട് ശരീരത്തോടെ ഉയർക്കും. മൃത്യു വിധേയമായ ശരീരങ്ങൾ അമർത്യാവസ്ഥയോടുകൂടെ എഴുനേല്ക്കുന്നു. എല്ലാ ശരീരങ്ങളും ഒരേവ്യത്യാസത്തോടെയല്ല ഉയർക്കുന്നത്. ഓരോ ശരീരത്തിനുമുണ്ടാകുന്ന രൂപാന്തരം ഓരോരുവന്റെ പുണ്യവും പാപവും അനുതാപവും ഹൃദയകാഠിന്യവും അനുസരിച്ചാണ്. ആന്തരീകമായി അത് നിർണ്ണയിക്കപ്പെടുകയും നിയന്ത്രിക്കപ്പെടുകയുമാണ്. ബാഹ്യമായ ഒരു ശക്തിയല്ല ആ പരിവർത്തനം നിയന്ത്രിക്കുന്നത്. ബാഹ്യമായ ദൈവീകശക്തിയാൽ ഒരു കാര്യംമാത്രം പൊതുവായി സംഭവിക്കുന്നത് മരണമുള്ള എല്ലാവരും അമരണരായി മാറുന്നുയെന്നുതു

മാത്രമാണ്. അവിടെ സ്വർഗ്ഗവാസികൾക്ക് അത് കൃപയായും നരകയോഗ്യൻമ്മാർക്കും അത് നീതിയായും അനുഭവപ്പെടുന്നുയന്നയേള്ളു. അനുഭവത്തിന്റെ വ്യത്യാസത്തിന്റെ കാരണക്കാരൻ അവനവനാണ്, ദൈവമല്ല.

നരകത്തിൽ വീഴുന്ന ഓരോരുത്തരുടേയും അനുഭവത്തിന്റെ ലാഘവത്തിനും കാഠിന്യത്തിനും അവനവന്റെ പ്രവർത്തിയും മനോഭാവവും തന്നെയാണ് ഉത്തരവാദി. സ്വർഗ്ഗത്തിലെ ആനന്ദാനുഭൂതിയും പലതോതിലും അളവിലുമായിരിക്കും; അതും അവനവന്റെ പ്രവർത്തികളാണ് നിയന്ത്രിക്കുന്നതും നിശ്ചയിക്കുന്നതും. "എന്റെ പിതാവിന്റെ ഭവനത്തിൽ പല വാസസ്ഥലങ്ങളുണ്ടെ"ന്നാണല്ലോ കർത്താവ് കല്പ്പിച്ചിരിക്കുന്നത്.

**കൂടാരപ്പെരുന്നാളിനുശേഷം രണ്ടാം ഞായറാഴ്ച**
(ലൂ. 14:15-24; മർക്കോ. 10:28-34; മർക്കോ. 12:38-44).

ഈ ഞായറാഴ്ച സന്ധ്യയുടെ ഏവൻഗേലിയോനിൽ ദൈവരാജ്യത്തിലേക്കുള്ള വിളിയേക്കുറിച്ച്, പ്രഭാതത്തിന്റെ ഏവൻഗേലിയോനിൽ ദൈവരാജ്യത്തെ പ്രതിയുള്ള ത്യാഗത്തേക്കുറിച്ചും, വി. കുർബാനയിലെ ഏവൻഗേലിയോനിൽ മുഖ്യാസനമാഗ്രഹിക്കുന്നവരേക്കുറിച്ചും, വിധവ, സമർപ്പണത്തിന്റെയും ത്യാഗത്തിന്റെയും മനോഭാവത്തോടെ രണ്ടു ചില്ലിക്കാശു വഴിപാടിട്ടതിനെക്കുറിച്ചും നാം വായിക്കുന്നു.

യോഗ്യന്മാരായി അറിയപ്പെടുന്ന പലരും ക്ഷണിക്കപ്പെടുന്നുണ്ടെങ്കിലും അവർ ഒഴികഴിവുകൾ കണ്ടുപിടിച്ച് മാറുകയാണ്. ദൈവത്തിന്റെ വിളി കേട്ടിട്ട് മാറിക്കളയുന്നതിനാൽ നാം സ്വർഗ്ഗരാജ്യത്തിൽ അനുഭവിക്കാവുന്ന വലിയൊരു സദ്യയാകുന്ന ആനന്ദാനുഭൂതി നഷ്ടപ്പെടുത്തുകയാണ്. അവിടെ കുഞ്ഞാടിന്റെ കല്യാണമാണ് സഭയാകുന്ന മണവാട്ടി സ്വർഗ്ഗീയ മണവാളനുമായി സ്വർഗ്ഗത്തിൽ വിവാഹം നടക്കുന്നതിന്റെ സദ്യയും ഘോഷവുമാണ്. ലോകത്തിൽ നടക്കുന്ന കല്യാണസദ്യ ഏതാനും മണിക്കൂർ നേരത്തേക്കോ കൂടി വന്നാൽ അഞ്ചാറു ദിവസങ്ങളോ നീണ്ടുനിന്നേക്കാം. സ്വർഗ്ഗത്തിലെ ആഘോഷവും സദ്യയും നിത്യമായി നിലനിൽക്കുന്നതും തുടരുന്നതുമാണ്. വാടാത്ത മണവറയാണ്. നിത്യമണവാളന് നിത്യമാണവാട്ടിയാണ്.

ആ വിരുന്നിലേക്കുള്ള ക്ഷണം പലരും ഉപേക്ഷിച്ചു മാറുന്നത് നിസ്സാര ഒഴികഴിവുകൾ പറഞ്ഞാണ്. ഒരാൾക്കതന്റെ പുതുമണവാട്ടിയോടുകൂടെ മധുവിധു ഘോഷിക്കണം, ഒരാൾ ഒരേർ കാള വിലയാക്കിയത് നോക്കാൻ പോകയാണ്, മറ്റൊരാൾ ഒരു നിലം വാങ്ങിയത് നേക്കാൻ പോകയാണ്, ആർക്കും സൗകര്യമില്ല.

സദ്യയൊരുക്കിയ വീട്ടുടമസ്ഥൻ വിഷമിച്ചു. ആരെ വിളിച്ചാണ് ഊട്ടി വിടേണ്ടതെന്ന് ചിന്തിച്ചു വിഷമിച്ചു. ആളയച്ചു തെരുവുകളിലും വഴിയരുകിലും കണ്ട ചട്ടനേയും പൊട്ടനേയും ഒക്കെ വിളിച്ചുവരുത്തി സദ്യ വിളമ്പികൊടുത്തു. അയോഗ്യരായും അവഗണിക്കപ്പെട്ടവരായും ലോകം തള്ളിയിരിക്കുന്ന പലരും ദൈവവിളികേട്ട് ദൈവരാജ്യത്തിലേക്ക് കയറും.

പത്രോസും അന്ത്രെയോസും പഠിത്തമില്ലാത്ത മീൻപിടുത്തക്കാരായിരുന്നു. സക്കായിയും ചുങ്കക്കാരനെന്ന നിലയിൽ പരീശന്മാരുടേയും ശാസ്ത്രീമാരുടേയും ദൃഷ്ടിയിൽ വളരെ കൊള്ളരുതാത്തവനായിരുന്നു. അവരെയെല്ലാം കർത്താവ് വലിയവരാക്കി സ്വർഗ്ഗരാജ്യത്തിലെ സദ്യയിലിരുത്തി.

ദൈവരാജ്യത്തെ പ്രതി സകലതും ഉപേക്ഷിച്ച് കർത്താവിനുവേണ്ടി ജീവിക്കുന്നവർക്ക് കർത്താവ് വലിയ ഭാഗ്യം നേർന്നിരിക്കുന്നു. അങ്ങനെ ഉപേക്ഷിപ്പാൻ ഇന്ന് പലരും തയാറല്ല, ആകയാൽ ഒരുക്കിവച്ചിരിക്കുന്ന സദ്യ അനുഭവിക്കുന്നത് ലോകദൃഷ്ടിയിൽ അയോഗ്യരായിരിക്കും. നിങ്ങളുടെ പലരുടേയും സ്ഥിതി ആലോചിച്ചു നോക്കുക. വലിയ ശ്രേഷ്ഠ കുടുംബങ്ങളിലും, നിങ്ങളുടെ പലരുടേയും സ്ഥിതി ആലോചിച്ചു നോക്കുക. വലിയ ശ്രേഷ്ഠ കുടുംബങ്ങളിലും സാമ്പത്തിക സൗകര്യമുള്ള വീടുകളിലുമുള്ള യുവാക്കന്മാർ സഭയുടെ സേവനത്തിനോ ആചാര്യ ശുശ്രൂഷക്കോ വരുന്നതിന് മടിക്കുന്നു. അമ്മയപ്പൻമാർ അവരെ പഠിപ്പിച്ച് ഡോക്ടറാക്കാനും എൻജീനിയറാക്കാനുമാണ് ഉത്സാഹിക്കുന്നത്. കുട്ടിക്കാലം മുതലേ അത്തരം പ്രേരണകളാണവർക്ക് നല്കുന്നത്.

ഒരു അപ്പൻ എന്നോടു പറയുകയുണ്ടായി: "എന്റെ മക്കളിൽ ഈ എന്റെ കൂടെ വന്നിരിക്കുന്നവനൊഴികെ ആണും പെണ്ണും എല്ലാം മിടുക്കുള്ളവരാണ്. അവരൊക്കെ പഠിച്ചു ജോലികളിലായി. ഇവൻ എന്തുചെയ്താലും പഠിച്ചാൽ കേറുകയില്ല, ഇതിനകം പലതൊഴിലുകൾ ചെയ്യിച്ചുനോക്കി, ഒന്നിലും ഗുണമായില്ല, ഇനി ഇവിടെയാക്കി പട്ടത്തിന് പഠിപ്പിക്കാമെന്നാഗ്രഹിക്കയാണ്." മിടുക്കുള്ളവരും കൊള്ളാവുന്നവരും വേറെ തൊഴിലിന് ഒന്നിനും കൊള്ളാത്തവനെ ദൈവവേലയ്ക്ക്! ആ അപ്പന്റെ ആഗ്രഹം സാധിച്ചു. ആ മകൻ ഇന്ന് ഒരു പട്ടക്കാരൻ തന്നെയാണ്. ഇതുപോലെ നമുക്കുള്ള മക്കളിൽ ഏറ്റവും യോഗ്യനെ തന്നെ ദൈവവേലക്കായി കൊടുക്കണം. വിളിക്കപ്പെടുന്ന പലരും ഒഴികഴിവു പറഞ്ഞു മാറുമ്പോൾ ചട്ടനും പൊട്ടനും വിളിക്കപ്പെടും.

പത്രോസ് ശ്ലീഹാ വിവാഹിതനായിരുന്നു. കർത്താവ് വിളിച്ചപ്പോൾ എല്ലാം ഉപേക്ഷിച്ച് കർത്താവിന്റെ പിന്നാലെ പോയി മനുഷ്യരെ പിടിക്കുന്നവനായി മാറി. 'കർത്താവേ ഞങ്ങൾ സകലതും ഉപേക്ഷിച്ച് നിന്റെ പിന്നാലെ വന്നുവല്ലോ ഞങ്ങൾക്കെന്ത്?' എന്ന് പത്രോസ് ചോദിക്കുന്നതായി പ്രഭാതത്തിന്റെ ഏവൻഗേലിയോനിൽ കാണുന്നു. കർത്താവ് അതിനുത്തരം പറയുന്നത്: "എനിക്ക് വേണ്ടിയും എന്റെ സുവിശേഷത്തിനുവേണ്ടിയും, ഭവനങ്ങളേയോ, സഹോദരങ്ങളോ, പിതാവിനേയോ, മാതാവിനെയോ, ഭാര്യയെയോ, പുത്രന്മാരായോ നിലങ്ങളെയോ ഉപേക്ഷിക്കുന്നവന് ഇപ്പോൾ ഈ കാലത്തിൽ പീഢയോടുകൂടെ ഒന്നിന് ആറുവീതം അവയും, വരുവാനിരിക്കുന്ന ലോകത്തിൽ നിത്യജീവനും പ്രാപിക്കുമെന്ന സത്യമായിട്ട് ഞാൻ നിങ്ങളോട് പറഞ്ഞു' എന്നത്രെ. ഇത് അക്ഷരപ്രകാരം ശരിയാണെന്ന് പല വിശുദ്ധന്മാരുടെയും, വി. പത്രോസ് ശ്ലീഹായുടെയും കാര്യത്തിൽ നിന്നും നമുക്കു കാണാൻ കഴിഞ്ഞിട്ടുണ്ട്. അതെന്നു ശരിയായിരിക്കയും ചെയ്യും.

തുടരും...

യാത്രവിവരണം

# വി. ഗ്രന്ഥവും വി. നാടുകളും

കെ.ഒ. ഫിലിപ്പ് കൈപ്പൂർ

**കഫർനഹൂം**

ഗലീലത്തീരത്തെ ഏറ്റവും ശ്രദ്ധേയമായ പട്ടണവും സാംസ്ക്കാരിക കേന്ദ്രവുമായിരുന്നു കഫർനഹൂം. കർത്താവിന്റെ കാലത്ത് ജനനിബിഡമായിരുന്ന ഈ സ്ഥലം, ഈജിപ്റ്റ്, സിറിയ, റോം എന്നിവിടങ്ങളിൽ പോയിവരുവാനുള്ള ഗതാഗത മാർഗ്ഗവും, വാണിജ്യ കേന്ദ്രവും തീർത്ഥാടകരുടെ സങ്കേതവും കൂടിയായിരുന്നു. ചുങ്കപ്പിരിവിനുള്ള കെട്ടിടങ്ങളും അവിടെയുണ്ടായിരുന്നു. എന്നാൽ ഇന്ന് ആൾ താമസം തീരെയില്ല. കർത്താവുമായി ബന്ധപ്പെട്ട പുണ്യസ്ഥലങ്ങൾ മിക്കതും സംരക്ഷിക്കപ്പെട്ടിരിക്കുന്നു. *"നീയോ കഫർനഹൂമേ സ്വർഗ്ഗത്തോളം ഉയർന്നിരിക്കുമോ? നീ പാതാളം വരെ താണുപോകും. നിന്നിൽ നടന്ന വീര്യപ്രവൃത്തികൾ സോദോമിൽ നടന്നിരുന്നു എങ്കിൽ അത് ഇന്നുവരെ നിൽക്കുമായിരുന്നു. എന്നാൽ ന്യായവിധി ദിവസത്തിൽ നിന്നേക്കാൾ സോദോമ്യരുടെ നാട്ടിന് സഹിക്കാവതാകും" (മത്താ. 11:23).* എന്ന യേശുവിന്റെ പ്രവചനം ഇവിടെ സ്മരണീയമാണ്.

കഫർനഹൂമിൽ ഗലീല കടൽത്തീരത്തായി, സെന്റ് പീറ്റേർസ് എന്നൊരു ചെറിയ ഹോട്ടൽ ഉണ്ട്. ഇവിടെ നിന്നും ഫ്രൈ ചെയ്ത് ലഭിക്കുന്ന "പത്രോസിന്റെ മീൻ" എന്ന പേരോടുകൂടിയ മീൻ പ്രസിദ്ധമാണ്. പത്രോസിന്റെ മീൻപിടുത്തത്തെ അനുസ്മരിപ്പിക്കുന്നു എന്ന ഉദ്ദേശത്തോടുകൂടിയും, എന്നാൽ തികച്ചും കച്ചവട മനഃസ്ഥിതിയോടു കൂടെയും പ്രവർത്തിക്കുന്ന ഒരു ഹോട്ടലാണിത്. ഗലീലക്കടലിലെ ഓളങ്ങളെ കണ്ടുകൊണ്ട് നമുക്കിത് ഭക്ഷിക്കാം. 12 യു.എസ്. ഡോളർ കൊടുക്കണമെന്നു മാത്രം. സെന്റ് പീറ്റേഴ്സ് റെസ്റ്റോറന്റിലെ ഭക്ഷണത്തിനു ശേഷം ഞങ്ങൾ പോയത് കഫർനഹൂമിലെ പുരാതനമായ സിനഗോഗിലേയ്ക്കായിരുന്നു.

**കഫർനഹൂം സിനഗോഗ് (Synagogue of Kefer Nahum)**

ബി.സി. 500 നോട് അടുത്താണ് സിനഗോഗ് രൂപം കൊള്ളുന്നത്. യറുശലേം ദൈവാലയ നാശമായിരുന്നു ഇതിന്റെ രൂപീകരണത്തിനു ഹേതുവായി തീർന്നത്. യറുശലേം ദൈവാലയം മാത്രമായിരുന്നു അന്നുണ്ടായിരുന്നത്. യാഗങ്ങളും ബലികളും അർപ്പിക്കാൻ കഴിയാതെ വന്നതോടുകൂടി, വീടുകളിൽവച്ച് പ്രാർത്ഥനയും, പ്രബോധനവും നടത്തുവാൻ ആരംഭിച്ചു. പിന്നീട് ഈ പ്രാർത്ഥനാക്കൂട്ടങ്ങൾ കെട്ടിടങ്ങൾ നിർമ്മിച്ച് സംഘാലയങ്ങളായി രൂപാന്തരപ്പെട്ടു. സിനഗോഗ് പള്ളിയല്ല (ദൈവാലയമല്ല). പഠനത്തിനും ചർച്ചക്കും പ്രാർത്ഥനക്കുമായി സംഘംചേരുന്ന ആലയം അഥവാ സംഘാലയം. സിനഗോഗിന്റെ വാച്യാർത്ഥം ഒത്തുകൂടുക എന്നാണ്. (സുറിയാനി വിവർത്തനമായ "വി. ഗ്രന്ഥ"ത്തിൽ ഒഴികെ മറ്റെല്ലാ മലയാള പതിപ്പുകളിലും സിനഗോഗിന് പള്ളി എന്നാണ് ഭാഷാന്തരം ചെയ്തിരിക്കുന്നത്). പത്തു യഹൂദ കുടുംബങ്ങൾക്ക് ഒരു സംഘാലയം എന്ന കണക്കിൽ പാലസ്തീനിലെ എല്ലാ പട്ടണങ്ങളിലും സിനഗോഗുകൾ ഉണ്ടായിരുന്നു.

യറുശലേം ദൈവാലയം പോലെ യാഗത്തിനുള്ള സംവിധാനമൊന്നും, സംഘാലയത്തിൽ ഉണ്ടാകില്ല. എന്നാൽ, പ്രസംഗപീഠം, വിളക്കുകൾ, കാഹളം ഊതാനുള്ള കുഴലുകൾ, മോശൈക ന്യായപ്രമാണ ചുരുളുകൾ സൂക്ഷിക്കുന്ന പേടകം മുതലായവ ഇവിടെ ക്രമീകരിച്ചിട്ടുണ്ട്. സിനഗോഗിൽ, ഒരു പ്രമാണിയുണ്ടാകും (പ്രൊട്ട. വേദപുസ്തകത്തിൽ "പള്ളിപ്രമാണി"). അവർക്ക് മുഖ്യാസനങ്ങളും ജനത്തിന് അഭിമുഖമായി ഇട്ടിട്ടുണ്ടാകും. യായീറോസ് (ലൂക്കോ. 8:41) കഫർനഹൂം സംഘാലയത്തിലെ പള്ളിക്കൈക്കാരൻ (Treasurer) ആയിരുന്നുപോലും. സംഘാലയത്തിൽ സ്തോത്ര വഴിപാടായി ലഭിക്കുന്ന പണം സാധുക്കൾക്ക് വിതരണം ചെയ്യുകയാണ് പതിവ്. ശാബതിൽ, സംഘാലയത്തിൽ വിശ്വാസികൾ വന്നുചേരും. പ്രാർത്ഥന, തിരുവെഴുത്ത് വായന, വചനപ്രഘോഷണം എന്നിവയാണ് മുഖ്യമായിട്ടുള്ളത്. എബ്രായ ഭാഷയിൽ വായിക്കുന്ന വേദഭാഗങ്ങൾ സംസാരഭാഷയായ അറാമൈക്കിലേക്ക് (സുറിയാനി) പരിഭാഷപ്പെടുത്തുവാനുള്ള പ്രത്യേക വ്യക്തിയേയും നിയമിച്ചിരുന്നു. സാധാരണ ജനത്തിന് എബ്രായ ഭാഷ വശമില്ലാതിരുന്നതിനാൽ സുറിയാനി വിവർത്തനവും ഉണ്ടായിരുന്നു. ഈ സുറിയാനി വിവർത്തനത്തിന് "തർഗൂം" (Targum) എന്ന് പറയപ്പെടുന്നു.

പുരോഹിതന്മാർ ഇല്ലാതെ തന്നെ സിനഗോഗ് നടപടികൾ ആരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്യാം. ചില വിശേഷ ദിവസങ്ങളിൽ പുരോഹിതന്മാർ നേതൃത്വം നല്കും. സംഘാലയത്തിൽ "പള്ളിപ്രമാണിയെ" കൂടാതെ ഒരു കഴകക്കാരനും ഉണ്ടായിരിക്കും. "ഹസാനീം" എന്ന് യഹൂദന്മാർ വിളിക്കുന്നു. വായനാഭാഗം എടുത്തുവയ്ക്കുക, തിരി കത്തിക്കുക, ആലയം വൃത്തിയാക്കുക തുടങ്ങിയ കാര്യങ്ങൾ ഈ സഹായി ചെയ്യുന്നു. സിനഗോഗ് നടപടികളുടെ മാതൃകയിലാണ്, ക്രൈസ്തവ ദൈവാലയത്തിലും ആരാധനാ രീതികൾ ഏറെക്കുറെ ചിട്ടപ്പെടുത്തിയിട്ടുള്ളത്. സിനഗോഗ് ആരാധനകളിൽ സ്ത്രീകൾക്ക് യാതൊരു പങ്കാളിത്തവും ഉണ്ടായിരുന്നില്ല. സ്ത്രീപുരുഷനിൽ നിന്ന് സൃഷ്ടിക്കപ്പെട്ടു (ആദ്യപുസ്തകം 2:18) എന്നതിനാൽ പുരുഷനുവേണ്ടി, ദൈവത്തിന്റെ മഹത്വം പ്രതിബിംബിക്കുവാനായി സ്രഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന എബ്രായ ചിന്താഗതി തന്നെ ഇതിന് കാരണം. സിനഗോഗിൽ വച്ച്, അസമാധാനം സൃഷ്ടിക്കുന്നവരെ പിടിച്ചുകൊണ്ട് വന്ന് അടിക്കുകയും പീഡിപ്പിക്കുകയും ചെയ്തിരുന്നതായി നടപ്പുകളുടെ പുസ്തകം 22:19; 26:11 എന്നീ ഭാഗങ്ങളിൽ വായിക്കാം. മത്താ. 23:34 ലും ഇതു സൂചിപ്പിക്കുന്നു.

കർത്താവിന്റെ കാലത്തുണ്ടായിരുന്ന സിനഗോഗ് ആണ് കഫർനഹൂം സിനഗോഗ്, ഹെബ്രോനിൽ മക്ഫേലാ ഗുഹയ്ക്കടുത്തായും, ഹെരോദാവ് പണികഴിപ്പിച്ചതായ ഒരു സിനഗോഗ് ഉണ്ട്. അതും കർത്താവിന്റെ കാലത്തേത് തന്നെ എന്ന് പറയപ്പെടുന്നു.

തുടരും...

ലേഖനം

# അപകടകാരിയായ 'അസൂയ' എന്ന രോഗം ആത്മീയ വീക്ഷണത്തിൽ

**റ്റി.സി. ജോർജ്ജ് തെങ്ങുവിള, നല്ലില**

"അസൂയ" എന്ന രോഗം പെട്ടന്ന് കണ്ടുപിടിക്കാൻ കഴിയാത്തതും, ലക്ഷണങ്ങളിൽ അദൃശ്യവും, എങ്കിലും പ്രസ്തുത രോഗം ബാധിച്ചവരെ കാണുമ്പോൾ അവരുടെ വാക്കുകളിൽനിന്നും, നോട്ടത്തിൽനിന്നും പ്രവർത്തനങ്ങളിൽനിന്നും വ്യക്തവുമാണ്.

"ഗലാത്യർ 5 ൽ ജഡത്തിന്റെ പ്രവർത്തികളിൽ" "ദുർനടപ്പ്" തുടങ്ങി ഏതാണ്ട് 15 കാര്യങ്ങൾ പറയുന്നതിൽ "അസൂയ"യും ഉണ്ട്. അസൂയ ഉള്ളവർ ദൈവരാജ്യത്തിനും അവകാശികളായിത്തീരുകയില്ലെന്ന് വളരെ വ്യക്തമായി പറയുന്നു (ഗലാ. 5:21). മധുര ഗായകനായ ദാവീദിന്റെ മകൻ ശലോമോൻ പറയുന്നു "അസൂയ അസ്ഥികൾക്ക് ദ്രവത്വം വരുത്തുന്നു എന്ന് (സദൃശ്യ. 14:30). അസൂയ സത്യത്തിന് വിപരീതമായി, വിരോധമായി പ്രവർത്തിക്കുന്ന ഒരു പ്രകൃയയാണ് (യാക്കോ. 3:14). ഈ രോഗം മനുഷ്യരുടെ ഭൗതീക ആത്മീയ രംഗങ്ങളിലും കാണുന്നു. ആത്മീയ രംഗത്ത്, വിശിഷ്യാസഭയിൽ പ്രസ്തുത രോഗം പടർന്നു പിടിക്കുന്നില്ലേ എന്നു തോന്നിപ്പോകുന്നു. 'അസൂയ' എന്ന അപകടകാരിയായ രോഗംമൂലം കുടുംബങ്ങൾ, കൂട്ടുകാർ, അയൽവാസികൾ, സഹോദരങ്ങൾ, രാജ്യങ്ങൾ എന്തിന് ഏറെ പറയുന്നു സഭയിൽപ്പോലും! പ്രത്യക്ഷമായ പ്രതിസന്ധികൾ ഉടെലെടുക്കുന്നുണ്ട്, അത് പ്രകടമായി കാണുകയും ചെയ്യുന്നു. "അസൂയ" എന്ന രോഗം സുവിശേഷത്തോട് ശത്രുത ഉണ്ടാക്കുന്നു (അപ്പോ. 13:45). പ്രസ്തുത രോഗം ഗുണപ്പെടുവാനോ രക്ഷിക്കപ്പെടുവാനോ ആകാതെ ജഡീകത്വം നിറഞ്ഞിരിക്കുന്ന ഒരു അവസ്ഥയിലേക്ക് മനുഷ്യനെ തള്ളിവിടുന്നു (തന്തോ. 3:3; 1 കോ. 3:3).

"അസൂയ"യുടെ അപകടത്തെപ്പറ്റി പ്രസ്തുത വേദഭാഗം വായിക്കുമ്പോൾ (ഉത്പ. 26:12-15) നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. ഒരു കുടുംബത്തെ ദൈവം അനുഗ്രഹിക്കുന്നത് തീർച്ചയായും തലമുറ തലമുറയോടുള്ള ദൈവത്തിന്റെ നീതിയും വാഗ്ദത്ത നിവൃത്തിയുമാണ്. അപ്രകാരം ഇസഹാക്കിനെ ദൈവം അങ്ങയറ്റം അനുഗ്രഹിച്ചു എന്തുകൊണ്ടെന്നാൽ അബ്രഹാമിനോടുള്ള ദൈവത്തിന്റെ വാദ്ഗത്തം ഒന്നുകൊണ്ടുമാത്രം. ഇപ്രകാരം ദൈവം അനുഗ്രഹിക്കുന്ന വ്യക്തികളെ, കുടുംബങ്ങളെ കണ്ട് അവരോടപ്പം സന്തോഷിക്കുവാനുള്ള മനസ്ഥിതിയും, മനസാക്ഷിയും ഉണ്ടാകണം. അല്ലാതെ പ്രസ്തുത കുടുംബങ്ങളെ വ്യക്തികളെ അസൂയയുടെ മനസ്സും, കണ്ണുംകൊണ്ടു നോക്കുകയും, ചിന്തിക്കുകയും അരുത്. അസൂയകൊണ്ട് ഒരുവനെ കൊല്ലുകയാണ് ചെയ്യുന്നത്. ജോസഫിനെ തന്റെ പിതാവ് സ്നേഹിച്ചു.

ജോസഫ് യാക്കോബിന്റെ വാർദ്ധക്യത്തിലെ മകനായതുകൊണ്ടാണ്. പക്ഷേ സഹോദരന്മാർക്ക് സഹോദരനായ ജോസഫിനോട് അസൂയയും ഈർഷ്യയും ഉണ്ടായി, കാരണം തന്റെ അപ്പൻ മറ്റുള്ള സഹോദരങ്ങളേക്കാൾ ജോസഫിനെ കൂടുതൽ സ്നേഹിക്കുകയും, കൂടാതെ ജോസഫ് കണ്ട സ്വപ്നത്തിൽ തന്റെ സഹോദരന്മാർ ജോസഫിനെ വണങ്ങി നമസ്ക്കരിക്കുന്നു എന്നും പറഞ്ഞിരുന്നു. ആയതിനാൽ അവസരം കാത്ത് അനുകൂലമായ സാഹചര്യം ഉണ്ടാക്കി സഹോദരനായ ജോസഫിനെ മാസീകമായി പീഢിപ്പിക്കുകയും, അസൂയയിൽനിന്നും ഉണ്ടായ ഹീന പ്രവർത്തികളിൽകൂടി ജോസഫിനെ സഹോദരന്മാർ '20' വെള്ളിക്കാശിന് ഒരടിമ എന്ന കണക്കേ ഇസ്മായേല്യർക്ക് സഹോദരങ്ങൾ വില്ക്കുകയാണ് ചെയ്തത്. സ്വന്തം സഹോദരനായ ജോസഫിന്റെ ആത്മീയ ദർശനം കേട്ടപ്പോൾ മറ്റുള്ള സഹോദരന്മാർക്ക് ദർശനത്തിന്റെ അർത്ഥം മനസ്സിലാകാതെ പോകുകയും അവരുടെ കണ്ണുകളും, മനസ്സുകളും സാത്താന്റെ പ്രവർത്തിയാൽ കുരുടായിപ്പോയതിന് ജോസഫിനെ കുറ്റക്കാരനായി കാണുവാൻ സാധിക്കുമോ? സ്വന്തം സഹോദരനെ അസൂയയുടെ പേരിൽ അപകടകരമായ അവസ്ഥയിലേക്ക് വലിച്ചെറിയുമ്പോൾ ജോസഫിന്റെ "ദർശനം" ദൈവകൃപയാൽ ദൈവമുമ്പാകെ സഫലമാകുകയും, നിന്ദിച്ചവർ, കൊല്ലുവാൻ ശ്രമിച്ചവർ, ദ്വേഷിച്ച് പ്രവർത്തിച്ചവർ ഏവരും നിന്ദിതനായ ജോസഫിന്റെ മുന്നിൽ വിനയത്തോടുകൂടി മുട്ടുകുത്തുന്നതും, ദൈവം മുട്ടുകുത്തിക്കുന്നതും നമുക്ക് കാണുവാൻ സാധിക്കും (ഉല്പ. 42:6).

'അസൂയ' ദൈവീക പ്രവർത്തിയെ തടയിടുന്നു (അപ്പോ. 13:42-52). ആത്മീയ ഭൗതീക രംഗങ്ങളിൽ ഒരുവൻ അർഹിക്കുന്ന സ്ഥാനങ്ങളിൽ പ്രവർത്തിക്കുമ്പോൾ അവരുടെ പ്രവർത്തനങ്ങൾ സുഗമമായിത്തീരുവാൻ നാം ആവുംവിധം താങ്ങൽ കൊടുക്കുകയോ, പ്രോത്സാഹനം കൊടുക്കുകയോ പ്രവർത്തിക്കുവാനുള്ള ഉത്തേജനം കൊടുക്കുകയോ ചെയ്യാതെ, അവരുടെ പ്രവർത്തങ്ങളെ മോശമായി കാണുവാൻവേണ്ടി മോശമായ അഭിപ്രായങ്ങൾ പറയുകയും പ്രവർത്തന രംഗത്തുള്ളവരെ തരംതാഴ്ത്തി കാണിക്കുകയും ചെയ്താൽ അതിന്റെ പിന്നിൽ അസൂയ അല്ലാതെ മറ്റെന്താണ് പറയുക? വി. പൗലോസിന്റെ പ്രസംഗം കേൾക്കുവാൻ ജനങ്ങൾ തിങ്ങിക്കൂടുന്നതുകണ്ട് (അപ്പോ. 13:40-50) യഹൂദന്മാർ അസൂയ നിറഞ്ഞവരായി തീരുന്നത് നമുക്ക് കാണുവാൻ സാധിക്കും. എന്നാൽ പൗലോസ്സും 'ബർന്നബാസ്സും' ധൈര്യംപൂണ്ട് യഹൂദന്മാരുടെ മുമ്പിൽ പതറാതെ ദൈവീക വാഗ്ദത്തങ്ങളിൽ വിശ്വസിച്ച് ഉറച്ചുനിന്ന് ശുശ്രൂഷകൾ തുടങ്ങുകയാണ് ചെയ്തത് (അപ്പോ. 13:47).

"അസൂയ" പലവിധത്തിൽ ഉണ്ടാകുന്നു. ഒരുവ

നിൽ ഭൗതീകനന്മകൾ ഉണ്ടാകുമ്പോൾ, ഉണ്ടാകുന്ന അസൂയ (ഉല്പ. 26:13,14) ദൈവം 'ഇസഹാക്കിനെ' ഭൗതീകമായി അനുഹഗ്രഹിച്ച് ഇസഹാക്ക് ഒരു ധനികനായിത്തീരുന്നു. അവൻഖെ ഉയർച്ചയിൽ 'ഫെലസ്ത്യർക്ക്' അസൂയ ഉണ്ടാകുകയും തത്ഫലമായി ഇസഹാക്കിന്റെ പിതാക്കന്മാർ നിർമ്മിച്ച 'കിണറുകൾ' എല്ലാം ഫെലസ്ത്യർ മണ്ണിട്ടുമൂടുകയും ഇസഹാക്കിന്റെ "വെള്ളംകുടി" മുട്ടിക്കുകയും ചെയ്യുന്നതായി കാണാം (ഉല്പ. 26:15,16) മറ്റുള്ളവരുടെ കഴിവിൽ പുരോഗതിയിൽ അസൂയ ഉണ്ടാകാൻ പാടില്ല. അസൂയയുടെ അപകടത്തെക്കുറിച്ച് വീണ്ടും ചിന്തിച്ചാൽ ദാവീദ്, മല്ലനായ ഗോലിയാത്തിനെ വിശ്വസിക്കാൻ തരമില്ലാത്തവിധത്തിൽ ഒരു ചെറിയ "കല്ലു" കൊണ്ട് നിഗ്രഹിക്കുന്നതായി നാം വായിക്കുന്നു (1 ശമു. 8:9). അഹ്രതീക്ഷിതമായ ദാവീദിന്റെ വിജയത്തിൽ ജനം ആർത്ത് വിളിച്ച് സന്തോഷത്തിന്റെ ആധിക്യത്താൽ ജനംപാടി "ശൗൽ ആയിരത്തെ കൊന്നു." ദാവീദ് പതിനായരത്തെ കൊന്നു എന്ന്. ഇതുകേട്ട മാത്രയിൽ ശൗലിന് അസൂയയും, ഈർഷ്യയും, കണ്ണുകടിയും തുടങ്ങി. ഒരുവന് കണ്ണുകടിയും ഈർഷ്യവും ഉണ്ടാകുമ്പോൾ അവന് കിട്ടിയിരുന്ന ദൈവീക നന്മയും, അഭിഷേകവും നഷ്ടപ്പെടുമെന്നുള്ളത് ശൗലിന്റെ ജീവിതത്തിൽകൂടി നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. അതാ നോക്കൂ! രാജാവായി തിളങ്ങി വാണിരുന്ന ശൗൽ!! കിരീടമില്ലാത്ത രാജാവായിത്തീരുന്ന ശോക രംഗം!

ഈ ലോകത്തിൽ ആദ്യമായി അസൂയ ഉടലെടുത്തത് കുടുംബത്തിൽ നിന്നാണ്. ആദാം-ഹൗപ്യാ ദമ്പതികൾ, ഭൗതീക പറുദീസ്സാ എന്നു വിശേഷിപ്പിക്കാവുന്ന ഏദൻതോട്ടം, ആദാമിന്റേയും ഹൗവ്വായുടേയും സൃഷ്ടികളോടുള്ള സൃഷ്ടാവിന്റെ ഉദ്ദേശം ലക്ഷ്യം വിശിഷ്യാ സൃഷ്ടികളുടെ മകുടോദാഹരണമായ മനുഷ്യസൃഷ്ടിയിൽനിന്നും ദൈവം പ്രതീക്ഷിച്ചത്, ഇവയെല്ലാം പ്രിയ വായനക്കാർക്ക് അറിവുള്ളതാണല്ലോ "നീ അവനെ (മനുഷ്യനെ) ദൈവത്തേക്കാൾ അല്പം താഴ്ത്തി തേജസ്സും ബഹുമാനവും അണിയിച്ച് എല്ലാ സൃഷ്ടിക്കൾക്കുമീതേ അധിപതി ആക്കിയിരിക്കുന്നു (സങ്കീ. 8:5,6) എന്നാൽ അസൂയ എന്ന അപകടകാരി ദൈവവിരോധിയായ സാത്താനിൽകൂടി പ്രവർത്തിച്ച്, സൃഷ്ടിക്ക് സൃഷ്ടാവിന് തുല്ല്യമാകണമെന്ന് ആഗ്രഹിച്ചു. എത്ര അഭികാമ്യമായ ആഗ്രഹം, സുന്ദരമായ നടക്കാത്ത സ്വപ്നം. ഫലമോ ദൈവ സാമാപ്യത്തിൽ ജീവിച്ചുവന്ന കുടുംബം നരകതുല്യമാക്കി സാത്താന്റെ ആവാസമാക്കി തീർത്തു.

അപകടകാരിയായ ഈ അസൂയയെ ഒരു പാപമായി കണക്കാക്കാം. പാപത്തിൽ കഴിയേണ്ടിവന്ന ആദാമിന്റെ അടുത്ത തലമുറ നോക്കുക: "കായീന്റെ അസൂയ സ്വന്തം സഹോദരനായ" ഹാബേലിന്റെ കൊലയ്ക്ക് ഇടയായി. ഒരുവന് ദൈവം നല്കിയ കൃപയിൽ അധിഷ്ഠിതമായ നേട്ടങ്ങളിൽ അപകടകാരിയായ, രോഗമായ, പാപമായ അസൂയയെ ഉപയോഗപ്പെടുത്തി ജീവിതത്തെ കോട്ടങ്ങളാക്കി കണ്ട് രസിക്കുവാനുള്ള മനോഭാവത്തിന് തീർച്ചയായും അസൂയയാലുക്കളിൽനിന്നും അവരുടെ പ്രവർത്തനങ്ങളിൽ നിന്നും രക്ഷപെടുവാൻ കർത്താവായ യേശുക്രിസ്തുവിനെ "വാ" കൊണ്ട് ഏറ്റുപറയുകയും അവനെ (കർത്താവിനെ) മരിച്ചവരുടെ ഇടയിൽനിന്നും ഉയർത്തെഴുനേല്പിച്ചു എന്ന് ഹൃദയംകൊണ്ട് വിശ്വസിച്ച് പ്രവർത്തിക്കുക (റോമ. 10:9). ഈ ലോകത്തിലുള്ള സകല വൈദ്യനെകൊണ്ടും സുഖപ്പെട്ടുള്ളുവാൻ കഴിയാത്ത "അസൂയ" എന്ന രോഗമാകുന്ന പാപം ഞങ്ങളിൽ കടന്നുകൂടിട്ടുണ്ടെങ്കിൽ പ്രസ്തുത രോഗത്തെ അയാൾക്ക് സ്ഥിരപ്പെട്ട മഹാവൈദ്യനായ കർത്താവ് ഞങ്ങളിൽനിന്നും ഉന്മൂലനാശം വരുത്തി പാപവിമുക്തമായ ആത്മീയബലത്തിൽ ആരോഗ്യമുള്ളവരായി നിന്റെ തിരുസന്നിധിയിൽ ജീവിക്കുവാൻ യോഗ്യതയുള്ളവരാക്കി തീർക്കണമേ എന്നും പ്രാർത്ഥിക്കുന്നു. ●

## തോമസ് മോർ തിമോത്തിയോസ് തിരുമേനി അറുപതിന്റെ നിറവിൽ



യാക്കോബായ സുറിയാനി സഭയുടെ കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത അഭി. തോമസ് മോർ തിമോത്തിയോസ് തിരുമേനി അറുപതു വയസ്സിന്റെ പൂർണ്ണതയിലേക്ക്. ജൂലൈ 11-ാം തീയതി 60-ാം ജന്മദിനമാഘോഷിച്ച അഭി. തിരുമേനി യാക്കോബായ സുറിയാനി സഭയ്ക്കും കോട്ടയം ഭദ്രാസനത്തിനും അഭിമാനമായ അഭിവന്ദ്യ പിതാവാണ്. ശ്രേഷ്ഠമായ കാഴ്ചപ്പാടുകളോടുകൂടി ഭദ്രാസനത്തെ എക്യുമെനിക്കൽ രംഗങ്ങളിലും മറ്റു സാമൂഹിക തലങ്ങളിലും അഭി. തിരുമേനി നല്കുന്ന സംഭാവനകൾ പ്രശംസനീയങ്ങളാണ്. സഭയുടെ ബാഹ്യകേരള ഭദ്രാസനത്തിന് അഭി. തിരുമേനിയുടെ നേതൃത്വത്തിലുണ്ടായിട്ടുള്ള വളർച്ച എടുത്തു പറയത്തക്കതാണ്. വിദ്യാഭ്യാസ മേഖലയിലും ആതുരസേവന രംഗത്തും താല്പര്യത്തോടെ പ്രവർത്തിക്കുന്ന അഭി. തിരുമേനി അന്തർദേശീയ രംഗങ്ങളിലും തനതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. ജന്മദിനാഘോഷത്തിന്റെ ഈ ധന്യവേളയിൽ എല്ലാവിധമായ ആശംസകളും അഭി. തിരുമേനിയുടെ മുമ്പാകെ സവിനയം പ്രാർത്ഥനകളോടെ സമർപ്പിക്കുന്നു.

## അറിയിപ്പ്

മാസിക സാമ്പത്തിക ബുദ്ധിമുട്ടിലായതിനാൽ വരിസംഖ്യ അടച്ചും സംഭാവന നല്കിയും പുതുതായി വരിക്കാരായും സഹായിക്കുക... സഹകരിക്കുക...

**ഷെവ. കെ.ജെ. ഏബ്രഹാം കോടിയാട്ട്,**
**സിംഹാസനപള്ളി, തിരുവല്ല**

(കടപ്പാട്: മലങ്കരസഭ മെയ് 2009) | പ്രതികരണ വേദി

# മലങ്കര മെത്രാപ്പോലിത്താമാർ

മാർതോമ്മാ ആറാമനെ മാർ ദിവന്നാസിയോസ് എന്ന പേരിൽ വാഴിച്ചതാണ് മലങ്കരസഭാ ചരിത്രത്തിൽ അറിയപ്പെടുന്ന ആദ്യത്തെ മെത്രാപ്പോലീത്ത സ്ഥാനാരോഹണം എന്ന പരാമർശം (മലങ്കര സഭാ മാസിക 2009 മാർച്ച് ലക്കം പേജ് 20) സാങ്കേതികമായി ശരിയായിരിക്കാമെങ്കിലും വസ്തുതാപരമായി ശരിയായിട്ടില്ല. തദ്ദേശിയനായ ഒരു മെത്രാൻ മലങ്കര സഭയ്ക്കുണ്ടാകുന്നത് 1653 മെയ് 22 ന് ആലങ്ങാട്ട് വച്ചായിരുന്നു. മാർത്തോമ്മ I അന്നു വാഴിക്കപ്പെട്ടതിനുശേഷം മാർതോമ്മ II, III, IV, V എന്നിവരും യഥാക്രമം തങ്ങളുടെ മുൻഗാമികളാലോ അതാതു കാലത്ത് മലങ്കര സഭയിലുണ്ടായിരുന്ന പാശ്ചാത്യ സുറിയാനി മെത്രാന്മാരാലോ അഭിഷേകം ചെയ്യപ്പെട്ടു. അപ്രകാരം കണക്കാക്കുമ്പോൾ വലിയ മാർ ദിവന്നാസിയോസ് എന്ന മാർ ദിവന്നാസിയോസ് I എന്ന മാർതോമ്മാ VI മലങ്കരയിലെ തദ്ദേശീയനായ ആറാമത്തെ മെത്രാൻ/മെത്രാപ്പോലീത്തയാണ്.

എപ്പിസ്കോപ്പാ, മെത്രാൻ, മെത്രാപ്പോലീത്താ എന്നീ സ്ഥാനങ്ങൾ സംബന്ധിച്ച് സുറിയാനി പാരമ്പര്യത്തിൽ ചില വ്യത്യാസങ്ങളുണ്ടെന്ന് വസ്തുത തന്നെ. എന്നാൽ 18–ാം നൂറ്റാണ്ടിലെ മലങ്കരസഭയിൽ ഈ വ്യത്യാസങ്ങളെപ്പറ്റി ഇന്നുള്ള അവബോധമില്ലായിരുന്നു എന്നുവേണം ചരിത്രാന്വേഷികൾ മനസ്സിലാക്കേണ്ടത്. ഭരണപരമായോ ആത്മീയകാര്യങ്ങളിലോ ഈ എപ്പിസ്കോപ്പാമാരുടെ / മെത്രാന്മാരുടെ / മെത്രാപ്പോലീത്താമാരുടെ ശൃംഖലയിൽ എല്ലാവരും ഒരേ തലത്തിൽതന്നെ ആയിരുന്നു. വലിയ മാർ ദിവന്നാസിയോസിന് ആത്മീയമായോ ഭരണപരമായോ അധികമായ ചുമതലകളോ അധികാരമോ ഉണ്ടായിരുന്നില്ല.

ചുരുക്കിപ്പറഞ്ഞാൽ ഏഴ് മാർതോമ്മാമാരും ആറ് ദിവന്നാസിയോസുമാരും ഫലത്തിൽ മലങ്കര മെത്രാപ്പോലീത്താമാർ തന്നെയായിരുന്നു. സാങ്കേതികമായി ചിലർ എപ്പിസ്കോപ്പാമാരായിരുന്നു എന്നു വാദിക്കാമെങ്കിലും വസ്തുതാപരമായി എല്ലാവരും അതാതു കാലത്തെ മലങ്കരസഭയുടെ തലവന്മാരും ആ നിലയിൽ മലങ്കര മെത്രാപ്പോലീത്താമാരും ആയിരുന്നു എന്ന വസ്തുത ചോദ്യം ചെയ്യാനോവില്ല.

**തോമസ് ചാണ്ടി, കോട്ടയം**

**ലേഖകന്റെ മറുപടി:** കത്തിൽ പരാമർശിക്കുന്ന ഒരു വിഷയവും നിഷേധിക്കുന്നില്ല എന്നു മാത്രമല്ല ലേഖകന്റെ നിലപാടും അതുതന്നെയാണ്. എന്നാൽ അഞ്ചും ആറും മാർതോമ്മാ മെത്രാന്മാർ മേൽപ്പട്ടക്കാരല്ലെന്നും അവർ തങ്ങളിൽ നിന്ന് പുനരായി പട്ടമേൽക്കണമെന്നും അക്കാലത്ത് മലങ്കരയിലെത്തിയ പാശ്ചാത്യ സുറിയാനി മെത്രാന്മാർ നിരന്തരമായി ആവശ്യപ്പെട്ടിരുന്നു. അവരെ പിന്തുണയ്ക്കാൻ ഒരുപറ്റം നസ്രാണികളും ഉണ്ടായി. ഈ തർക്കത്തിന് ഒരു അനുരഞ്ജനം എന്ന നിലയിലാണ് 1770 ൽ നിരണത്തു വച്ച് മാർ ദിവന്നാസിയോസ് എന്ന പേരിൽ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഉയർത്തപ്പെടാൻ മാർതോമ്മാ VI സമ്മതിച്ചത്.

തനിക്ക് പുതിയതായി ലഭിച്ച മെത്രാപ്പോലീത്താ സ്ഥാനത്തിന് വലിയ മാർ ദിവന്നാസിയോസ് പ്രത്യേകമായി ഒന്നും കണ്ടില്ലെന്നുള്ളത് വസ്തുതയാണ്. തുടർന്നും അദ്ദേഹം മാർതോമ്മാ എന്ന പേരുവച്ച് കൽപന എഴുതുക മാത്രമല്ല പിൻഗാമിയായ മാത്തൻ റമ്പാനെ 1796 ൽ മാർതോമ്മാ VII എപ്പിസ്കോപ്പാ യായി വാഴിക്കുകയും ചെയ്തു. അധികാര വ്യത്യാസമില്ലെങ്കിലും സാങ്കേതികമായി മലങ്കരസഭ ഇന്ന് മെത്രാപ്പോലീത്താ, എപ്പിസ്കോപ്പാ എന്നീ സ്ഥാനങ്ങൾ അംഗീകരിക്കുന്നുണ്ട്. അതിനാൽ മാർ ദിവന്നാസിയോസ് I മലങ്കരയിലെ തദ്ദേശീയനായ ആറാമത്തെ എപ്പിസ്കോപ്പായും (മെത്രാൻ) ഒന്നാമത്തെ മെത്രാപ്പോലീത്തായുമാണ്.

**വർഗീസ് ജോൺ, തോട്ടപ്പുഴ**

---

## ഓർത്തഡോക്സ് സഭാ നടപടി: പ: വലിയ തിരുമേനിയെ അവഹേളിക്കൽ

**ഷെവ: പി.കെ. പൗലോസ് കൂരൻ**

പ: പൗലോസ് മാർ അത്താനാസ്യോസ് വലിയ തിരുമേനിയുടെ മെത്രാഭിഷേക ശതാബ്ദി ഓർത്തഡോക്സ് സഭ ആഘോഷിക്കുന്നതായി അറിയുന്നു. പ്രഥമദൃഷ്ടി ഓർത്തഡോക്സ് സഭയുടെ വിശാലതയും, മഹാ മനസ്കതയും കൃസ്തീയ വീക്ഷണവും, സഭാപിതാക്കാന്മാരെ ആദരിക്കലും ഒക്കെ ആയി ഇത് തോന്നാമെങ്കിലും, യഥാർത്ഥത്തിൽ പ: വലിയ തിരുമേനിയെ അവഹേളിക്കാനാണ് ഈ നടപടി. യാക്കോബായ സുറിയാനി സഭയുടെ മലങ്കര മെത്രാപ്പോലീത്തായും സഭയെ പൂർവ്വീക വിശ്വാസത്തിൽ നിലനിറുത്തുന്നതിന് ഏറെ ത്യാഗങ്ങൾ സഹിക്കുകയും അതിന്റെ അംഗീകാരമായി പ: അന്ത്യോഖ്യാ പാത്രീയർക്കീസ് ബാവ "സത്യവിശ്വാസസംരക്ഷൻ" എന്ന ബഹുമതി നല്കി ആദരിച്ച വലിയ തിരുമേനിയുടെ മെത്രാഭിഷേകശതാബ്ദി അല്ല ഓർത്തഡോക്സുകാർ ആഘോഷിക്കുന്നത്. അവരുടെ ഭാഷയിൽ "കുറ്റിക്കാട്ടിൽ പൗലോസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ"യുടെ സ്ഥാനാഭിഷേക ശതാബ്ദിയാണ്. സഭയുടെ പൂർവ്വീകവിശ്വാസം സംരക്ഷിക്കുവാൻ നേതൃത്വം നല്കിയെന്നതിന്റെ പേരിൽ ജീവിതകാലം മുഴുവൻ ഓർത്തഡോക്സുകാർ നടത്തിയ എതിർപ്പിന്റെ ഭാഗമായി, താൻ ചോര നീരാക്കി പണിയിപ്പിച്ച ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ നിന്നുംപോലും ഇറക്കി വിടുമെന്നുവരെ ഓർത്തഡോക്സുകാർ പ: വലിയ തിരുമേനിയെ ഭീഷണിപ്പെടുത്തുകയുണ്ടായി. പ: വലിയ തിരുമേനിയുടെ ഓർമ്മദിനമായ ജനുവരി 26 ന് ആ പ: പിതാവിന്റെ കബറിങ്കൽ ധൂപപ്രാർത്ഥന നടത്താൻ പോലുമുള്ള കൃസ്ത്രീയത കാണിക്കാത്ത ഓർത്തഡോക്സ് സബ ഇപ്പോൾ ആ തിരുമേനിയുടെ മെത്രാഭിഷേക ശതാബ്ദി ആഘോഷിക്കുന്ന നടപടി തികച്ചും ദുരുപതിഷ്ഠിതം തന്നെയാണ്. പട്ടിണിക്കിട്ട് കൊന്നിട്ട് ചോറിൽ കുഴിച്ചിടുന്നു എന്ന ചൊല്ല് ഇതുവഴി അന്വർത്ഥമാക്കിയിരിക്കുകയാണ്. തൃക്കുന്നത്ത് സെമിനാരിയുടെ അവകാശികൾ തങ്ങളാണെന്ന് തെറ്റിദ്ധാരണ വരുത്തി ബഹുജനങ്ങളെ കബളിപ്പിക്കുവാനും ഭരണാധികാരികളിൽ ചിന്താകുഴപ്പം സൃഷ്ടിക്കുവാനും ഉള്ള ഗൂഢലാക്കാണ് ഈ ആഘോഷപരിപാടികളുടെ പിന്നിൽ ഉള്ളത്. തൃക്കുന്നത്ത് സെമിനാരി സ്ഥാപിച്ച കടവിൽ കൂരൻ പൗലോസ് മാർ അത്താനാസ്യോസ് തിരുമേനി വടക്കൻ പറവൂർ സബ് രജിസ്റ്റർ ഓഫീസിൽ 1902 വൃശ്ചികം 7 ന് ഒന്നാം നമ്പരായി രജിസ്റ്റർ ചെയ്ത വിൽപത്രപ്രകാരം പ: അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവയുടെ കീഴിലുള്ള അങ്കമാലി ഭദ്രാസനത്തിന് മാത്രമാണ് തൃക്കുന്നത്ത് സെമിനാരിയുടെ അവകാശം.

Kundara
2009 August 10 YAKKOOMYAN Reg. No. 2939/76.Postal Regn. KL/QN./271/2008-10

# BOOK POST

Printed Matter

If undelivered please return to
Chev. K.J. Abraham Kodiyattu
Managing Editor
Yakkoobyan - Monthly
Tiruvalla P.O., PTA Dist.,
Kerala, S. India

To

Sri/Smt. ........................................................................

.......................................................................................

.......................................................................................

.......................................................................................

Printed and published by: S.O.S.S. Printed at Puthethu Offset Printers, Kallissery, Tel: 0479 2426561, Mag. Editor: Chev. K.J. Abraham Kodiattu, Tel: 0469 2601005, Chief Editor: (Hony) Fr. Koshy P. George. Tel: 0468 2286465, Editor: (Hony). Alexandar Karakkad, Tel: 0479 2424177 (R), Mob: 94461 88030 (M) website:www.yakkoobyan.org